# ലോഗോസ് പഠനസഹായി 2018

## മത്തായിയുടെ സുവിശേഷം (10–18)

### ആമുഖം

**ഗ്രന്ഥകർത്താവ്**

മത്തായിയുടെ പേരിൽ അറിയപ്പെടുന്ന സുവിശേഷത്തിൽ, അതിന്റെ കർത്താവ് ആര്, എന്ന്, എവിടെവച്ച് അത് രചിക്കപ്പെട്ടു എന്നതിനെക്കുറിച്ചൊക്കെ നേരിട്ടുള്ള സൂചനകളില്ല. രചനയ്ക്ക് അജ്ഞാതകർത്തൃക സ്വഭാവമുണ്ടെങ്കിലും ഈ ആദ്യസുവിശേഷം രചിച്ചതു മത്തായി ആണെന്നാണ് പരമ്പരാഗതമായ വിശ്വാസം. മത്തായിയുടെ ലിസ്റ്റിൽ 'ചുങ്കക്കാരൻ' എന്നാണ് അദ്ദേഹം സ്വയം വിശേഷിപ്പിക്കുന്നത് (cf മത്താ 10:3; 9:9). പപ്പിയാസിന്റെ കാലംമുതലുള്ള പാരമ്പര്യത്തിൽ മത്തായിയുടെ സുവിശേഷത്തിന്റെ കർത്താവ്, അപ്പസ്തോലനും യേശുവിനെ അനുഗമിച്ച പന്ത്രണ്ടുപേരിലൊരാളുമായ മത്തായിയാണ്. 2, 3, നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന ഇറെനേയൂസ്, തെർത്തുല്യൻ, ഒരിജൻ തുടങ്ങിയ സഭാപണ്ഡിതരും ഈ പാരമ്പര്യം അംഗീകരിക്കുന്നുണ്ട്.

ഗ്രന്ഥകർതൃത്വത്തെക്കുറിച്ചു രണ്ടാം നൂറ്റാണ്ടുവരെ നീളുന്ന പാരമ്പര്യവും മത്തായിയുടെ പേരിലുള്ള സുവിശേഷം എന്ന പ്രയോഗവും സുവിശേഷവും അപ്പസ്തോലനായ മത്തായിയും തമ്മിലുള്ള സജീവബന്ധം ദ്യോതിപ്പിക്കുന്നു. പല പണ്ഡിതന്മാരും പല രീതിയിലാണ് ഈ ബന്ധം മനസ്സിലാക്കുന്നത്. ചിലരുടെ അഭിപ്രായത്തിൽ മത്തായി എഴുതിയത് ഇന്നു നാം കാണുന്ന സുവിശേഷമല്ല. മത്തായി ആരംഭിച്ച ക്രിസ്തു സമൂഹത്തിലെ അദ്ദേഹത്തിന്റെ ശിഷ്യന്മാർ ആരെങ്കിലും അദ്ദേഹത്തിന്റെ പേരിൽ ഈ സുവിശേഷം രചിച്ചു എന്നതാണ് മറ്റൊരു വാദം. ഒരാളല്ല, മത്തായിയുടെ ഒരു ശിഷ്യസമൂഹം, ക്രൈസ്തവരായ എഴുത്തുകാരുടെ ഒരു സംഘംതന്നെയാണീ രചനയുടെ പിന്നിലുള്ളതെന്ന് മറ്റൊരഭിപ്രായവുമുണ്ട്.

പഴയനിയമത്തിൽ നല്ല അവഗാഹമുള്ള ഒരു ക്രൈസ്തവ ദൈവശാസ്ത്രജ്ഞന്റെ കൃതിയാണ് ഈ സുവിശേഷം എന്നു തീർച്ച. യഹൂദക്രൈസ്തവസമൂഹത്തിന്റെ രണ്ടാം തലമുറയിൽപ്പെട്ടയാളും ഗ്രീക്കും അറമായയും അനായാസം കൈകാര്യംചെയ്തിരുന്നയാളുമായ ഒരു എഴുത്തുകാരനാവണം (ദൈവശാസ്ത്രജ്ഞൻ) രചയിതാവ്. മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്ന യേശുവിന്റെ ചില വാക്യങ്ങൾ സുവിശേഷകന്റെ സ്വന്തമാണെന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഉദാ: 'സ്വർഗരാജ്യത്തിന്റെ ശിഷ്യനായിത്തീർന്ന ഓരോ നിയമജ്ഞനും തന്റെ നിക്ഷേപത്തിൽനിന്നു പുതിയതും പഴയതും പുറത്തെടുക്കുന്ന വീട്ടുടമസ്ഥനു തുല്യൻ (13:52).

**രചനാകാലം, സ്ഥലം**

മത്തായിയുടെ സുവിശേഷത്തിന്റെ മൂലരൂപം ഗ്രീക്കിലായിരുന്നു. പലസ്തീനായ്ക്കു പുറത്ത് ക്രൈസ്തവകേന്ദ്രമായിരുന്ന സിറിയായിലെ അന്ത്യോക്യയിൽവച്ചാണ് മത്തായി സുവിശേഷം രചിച്ചത്. രണ്ടാം നൂറ്റാണ്ടാദ്യം അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ് തന്റെ ലേഖനങ്ങളിൽ മത്തായിയുടെ സുവിശേഷം ഉദ്ധരിച്ചിരുന്നത് ഈ അഭിപ്രായത്തിനു സ്ഥിരീകരണം നല്കുന്നു.

രചനാകാലവും തർക്കവിഷയംതന്നെ. ഭൂരിപക്ഷംപേരും മർക്കോസ് സുവിശേഷം രചിച്ചു വളരെ ക്കഴിഞ്ഞ് മത്തായി സുവിശേഷം എഴുതി എന്ന അഭിപ്രായക്കാരാണ്. മത്തായിയുടെ സുവിശേഷം മർക്കോസിനെയും ഉറവിടമായി ഉപയോഗിച്ചാണ് എഴുതിയിരിക്കുന്നത്. A.D. 70-ൽ ജെറുസലെം നശിപ്പിക്കുന്നതിനുമുമ്പ് മർക്കോസിന്റെ സുവിശേഷം രചിക്കപ്പെട്ടെങ്കിൽ അതിനുശേഷമാണ് മത്തായിയുടെ സുവിശേഷം എഴുതപ്പെട്ടത്. ദേവാലയ - സിനഗോഗ് ബന്ധം, വിജാതീയ പ്രേഷിതദൗത്യം, രണ്ടാം വരവിന്റെ കാലതാമസം, ദേവാലയ പരിത:സ്ഥിതികൾ തുടങ്ങി മത്തായിയ്ക്കു താത്പര്യമുള്ള വിഷയങ്ങളും അവയ്ക്കു നല്കിയിരിക്കുന്ന പ്രമേയപരമായ ഊന്നലും രചനയുടെ പില്ക്കാല സാധ്യതകളിലേക്കാണു വിരൽ ചൂണ്ടുന്നത്. A.D. 80-നും 90-നുമിടയ്ക്ക് ഈ സുവിശേഷം രചിക്കപ്പെടാനാണു സാധ്യത. കൃത്യമായി പറഞ്ഞാൽ A.D. 85-ൽ.

മത്തായി സുവിശേഷമെഴുതിയത് തന്റെ യഹൂദ-വിജാതീയ ക്രൈസ്തവസമൂഹത്തിനുവേണ്ടിയായിരുന്നു. സുവിശേഷത്തിന്റെ ഉള്ളടക്കത്തിലും ധ്വനിയിലും കാണുന്ന യഹൂദത്വം വ്യക്തമാക്കുന്നത്, ആ സമൂഹത്തിലെ ഭൂരിപക്ഷംപേരും, ഗ്രീക്ക് സംസാരിക്കുന്ന യഹൂദക്രൈസ്തവരായിരുന്നുവെന്നാണ്. എന്നാൽ, മത്തായി സുവിശേഷം രചിക്കുന്നകാലമായപ്പോഴേക്കും വിജാതീയർ കൂടുതൽ കൂടുതലായി

സഭയിലേക്ക് വന്നുകൊണ്ടുമിരുന്നു. വിജാതീയർക്കുകൂടെ വാതിൽ തുറന്നിട്ടിരുന്ന ഒരു യഹൂദ-ക്രിസ്ത്യൻ സമൂഹത്തെയാണ് അദ്ദേഹം അഭിസംബോധന ചെയ്തിരുന്നത്.

**മത്തായിയുടെ ഉറവിടങ്ങൾ**

ഉറവിടങ്ങളെ തീർച്ചയായും മത്തായി ആശ്രയിക്കുന്നുണ്ട്. ലിഖിതരൂപത്തിലുള്ള പല ഉറവിടങ്ങളും അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നിരിക്കണം. ഭൂരിപക്ഷം പുതിയ നിയമവിദഗ്ദ്ധരും കരുതുന്നതുപോലെ മത്തായി മർക്കോസിനെയും 'Q' (Quelle) എന്ന (ജർമൻ ഭാഷയിൽ ഉറവിടം എന്നർഥം) ഉറവിടങ്ങളെയും ആധാരമാക്കി. യേശുവിന്റെ വചനങ്ങളുടെ സമാഹാരമാണ് 'Q'. മറ്റു സുവിശേഷകന്മാർക്ക് കിട്ടാത്ത വസ്തുതകളും (കഥകൾ, യേശുവിന്റെ വാക്യങ്ങൾ...) ഉറവിടമായി മത്തായിക്കു ലഭിച്ചുകാണണം. മത്തായിക്കു മാത്രം കിട്ടിയതുകൊണ്ട് 'M' ഉറവിടം എന്നാണിതിനെ വിളിക്കുക. ഇവയിൽനിന്നു ശ്രദ്ധാപൂർവം തിരഞ്ഞെടുത്തു ക്രമീകരിച്ചാണ് തന്റെ ദൈവശാസസ്ത്രമടങ്ങുന്ന സുവിശേഷം മത്തായി തന്റെ പേരിൽ തയ്യാറാക്കിയത്.

**ശൈലി**

ക്രമീകൃതവും സംക്ഷിപ്തവുമാണ് മത്തായിയുടെ സുവിശേഷം. പൊതുവായി നോക്കുമ്പോഴും പ്രത്യേക വിഭാഗങ്ങളായി പരിഗണിക്കുമ്പോഴും സസൂക്ഷ്മം രചിക്കപ്പെട്ടതാണീ സുവിശേഷമെന്നു കാണാം. വിവരണ വിഭാഗങ്ങളുടെ ഇടയ്ക്കിടെ അഞ്ചു പ്രധാന പ്രഭാഷണങ്ങളുണ്ട്. ആവർത്തനങ്ങൾ, ദ്വയാർഥപ്രയോഗങ്ങൾ, തുടങ്ങിയവയും ദൃശ്യമാണ്.

മത്തായിയുടെ പ്രിയപ്പെട്ട ചില ശൈലികളും പ്രയോഗങ്ങളും ധാരാളമായി കടന്നുവരുന്നുണ്ട്. വിവരണത്തിൽ (3:13; 4:1; 9:14; 10:20; 12:22, 38...). അല്ലെങ്കിൽ പുതിയൊരു ഭാഗത്തിന്റെ നടുക്ക് (2:7; 16,17; 3:5, 15; 4:5; 10,11; 9:6,29,37...) 'പിന്നീട്', 'അനന്തരം' എന്നീ പദങ്ങൾ കടന്നുവരുന്നു. 'കണ്ടാലും ആണ് മത്തായിയുടെ സുവിശേഷത്തിൽ കൂടെക്കൂടെ കടന്നുവരുന്ന മറ്റൊരു പദം (ഉദാ: 1:20; 2:1 ...).

പഴയനിയമത്തിൽനിന്നുള്ള പല ഉദ്ധരണികളിലും പഴയനിയമപ്രവചനങ്ങൾ യേശുവിൽ നിറവേറുന്നതു സ്ഥാപിക്കാനാണ് മത്തായിക്കു ഉത്സാഹം. ഭക്ഷണത്തിനുമുമ്പ് കൈ കഴുകുന്ന യഹൂദാചാരവും (15:2, 11,18; cf മർക്കോ 7:2-5) വിളുമ്പുള്ള വസ്ത്രം ധരിക്കുന്ന രീതിയും (9:20; 14:36; 23:5) വിശദീകരണം കൂടാതെ എഴുതി ചേർത്തിരിക്കുന്നു. വായനക്കാർക്കു സുപരിചികമാണെന്നറിയാവുന്നതുകൊണ്ടാണ് ഈ സെമിറ്റിക് ശൈലികളും യഹൂദാചാരങ്ങളും അതേപടിതന്നെ അദ്ദേഹം നിലനിറുത്തിയത്.

വസ്തുതകളെ 3, 7, അതിന്റെ ഗുണിതങ്ങൾ എന്നീ ഗണങ്ങളായി തിരിക്കുന്ന ശൈലീപരമായ മറ്റൊരു പ്രത്യേകതയും എടുത്തുപറയേണ്ടതായിട്ടുണ്ട്. യേശുവിന്റെ വംശാവലി (1:1-17) ഓരോ 14 വംശങ്ങളുടെയും മൂന്നു ഗണങ്ങളായിട്ടാണ് (7 ന്റെ ഗുണിതം) അവതരിപ്പിച്ചിരിക്കുന്നത്. കർത്താവിന്റെ പ്രാർത്ഥനയിൽ ഏഴു യാചനകളുണ്ട് (6:9-13). 13-ാം അദ്ധ്യായത്തിൽ 7 ഉപമകളുള്ളപ്പോൾ 23-ാം അദ്ധ്യായത്തിൽ ഫരിസേയർക്കും നിയമജ്ഞർക്കുമെതിരെ 7 ദുരിതങ്ങളാണ് പ്രഖ്യാപിക്കുന്നത്.

**പ്രമേയങ്ങൾ, താത്പര്യങ്ങൾ**

സഭയാണു യഥാർഥ ഇസ്രായേൽ എന്ന വിശ്വാസം, പഴയനിയമ പ്രവചനങ്ങൾ യേശുവിൽ നിറവേറുന്നു എന്ന വിശ്വാസം, സ്വർഗരാജ്യം യഥാർഥ നീതീകരണം, ശിഷ്യത്വം, സഭയുടെ സാർവത്രിക ദൗത്യം തുടങ്ങിയവ മത്തായിയുടെ ഇഷ്ടപ്പെട്ട പ്രമേയങ്ങളാണ്.

**പൂർത്തീകരണം എന്ന പ്രമേയം:** യേശുവിന്റെ പഠനങ്ങളെയും അവിടത്തെ സുപ്രധാന ജീവിതമുഹൂർത്തങ്ങളെയും പഴയനിയമത്തിന്റെ പൂർത്തീകരണമെന്നനിലയിലാണ് അദ്ദേഹം വിവരിക്കുന്നത്. പഴയനിയമത്തിൽനിന്നുള്ള 43 ഉദ്ധരണികൾ ഈ സുവിശേഷത്തിലുണ്ട്. ഇതിൽ 10 എണ്ണം 'പൂർത്തീകരണഫോർമുല' ഉപയോഗിച്ച് ആരംഭിച്ചിരിക്കയാൽ അവയെ 'ഫോർമുലാ ഉദ്ധരണികൾ' എന്നു വിളിക്കുന്നു (മത്താ 1:22-23; 2:15; 2:17-18; 2;23; 4:14-16; 8:17). ഇസ്രായേലിന്റെ വിശുദ്ധലിഖിതങ്ങളിലേക്കുള്ള താക്കോലാണ് മത്തായിയുടെ യേശു. അവിടന്നാണ് അവയുടെ പൂർത്തീകരണം, സാഫല്യം. അതുകൊണ്ടാണ് ഈ സുവിശേഷത്തെ പൂർത്തീകരണത്തിന്റെ സുവിശേഷം എന്നുവിളിക്കുന്നത്.

**സ്വർഗരാജ്യം:** സ്വർഗരാജ്യത്തിന്റെ സുവിശേഷം എന്നും ഇതിനു പേരുണ്ട്. സമവീക്ഷണസുവിശേഷങ്ങൾക്ക് പൊതുവായ യേശുവിന്റെ പ്രഖ്യാപനങ്ങളുടെ കേന്ദ്രസന്ദേശം ദൈവരാജ്യമാണ്. സ്വർഗരാജ്യം എന്ന സെമിറ്റിക് പ്രയോഗമാണ് മത്തായിക്കു കൂടുതൽ ഇഷ്ടം. യേശുവിന്റെ ശുശ്രൂഷയിൽ രാജ്യം എന്ന പ്രമേയത്തിന് വളരെ പ്രാധാന്യം കല്പിക്കുന്നുണ്ട് മത്തായി.

**സഭ:** അനുപമമായ സഭാത്മക സുവിശേഷം എന്നാണ് മത്തായിയുടെ സുവിശേഷത്തെ പണ്ഡിതന്മാർ വിശേഷിപ്പിക്കുന്നത്. സുവിശേഷകരിൽ അദ്ദേഹം മാത്രമേ സഭ എന്ന പദം ഉപയോഗിക്കുന്നുള്ളൂ (മത്താ 16:18; 18:17). 18-ാം അദ്ധ്യായം സഭയെ സംബന്ധിച്ചുമാത്രമാണ് ചർച്ചചെയ്യുന്നത്. പഴയ ഇസ്രായേലിന്റെ സ്ഥാനത്തു നില്ക്കുന്ന യഥാർഥ ഇസ്രായേലാണ് സഭ. മത്തായിയുടെ ദൃഷ്ടിയിൽ അതിന്റെ ദൗത്യം, മുഴുവൻ ലോകത്തിനും വേണ്ടിയുള്ളതാണ്.

**മത്തായിയുടെ സുവിശേഷവും യഹൂദമതവും**

മത്തായി യഹൂദചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും പശ്ചാത്തലമുള്ള, പഴയ നിയമത്തിന്റെ പൂർത്തീകരണമായ, യേശുവിനെയാണ് ആലേഖനം ചെയ്യുന്നത്. യേശു പഴയനിയമത്തിന്റെ തുടർച്ചയായി നിലകൊള്ളുന്നു. പഴയനിയമത്തെ ഇല്ലായ്മചെയ്യാനല്ല, പൂർത്തീകരിക്കാനാണ് അവിടന്നു വന്നത്. നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനാണു ഞാൻ വന്നതെന്ന് വിചാരിക്കരുത്. അസാധുവാക്കാനല്ല, പൂർത്തിയാക്കാനാണു ഞാൻ വന്നത്. 'നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനാണ് ഞാൻ വന്നതെന്ന് വിചാരിക്കരുത്. അസാധുവാക്കാനല്ല, പൂർത്തിയാക്കുവാനാണു ഞാൻ വന്നത്'' (5:17-18) എന്ന് യേശു തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്.

നിയമത്തിന്റെ സമ്പൂർണാർത്ഥം വ്യക്തമാക്കുന്നതാണ് അവിടത്തെ പഠനങ്ങൾ. നിയമം റദ്ദുചെയ്യുന്നതിനു പകരം നിയമം എന്തു ലക്ഷ്യംവെക്കുന്നുവെന്ന കാഴ്ചപ്പാടിനനുസൃതം അവയുടെ മുനയ്ക്ക് മൂർച്ചകൂട്ടുകയാണ് യേശു (cf 5:21-48). നിയമങ്ങൾ അനുസരിക്കുമ്പോൾ പാലിക്കേണ്ട ചില തത്ത്വങ്ങൾ അവിടുന്ന് ആവിഷ്കരിക്കുന്നു (cf 7:12 ലെ സുവർണ നിയമവും 22:40 ലെ സ്നേഹത്തിന്റെ ഇരട്ടപ്രമാണങ്ങളും).

മത്തായിയും അദ്ദേഹത്തിന്റെ യഹൂദസമൂഹവും ഇസ്രായേലിന്റെ ഗുരുവും നിയമദാതാവുമായ മോശയ്ക്കു വളരെ ബഹുമാനാദരങ്ങൾ നല്കിയിരുന്നു. മത്തായിയുടെ യേശു 19:7-8 ൽ മോശയെ ന്യായീകരിക്കുകയും 23:1-2-ൽ, ഫരിസേയർക്കും നിയമജ്ഞർക്കും പരമ്പരാഗതമായി ലഭിച്ച മൂശയുടെ അധികാരത്തെ ബഹുമാനിക്കാൻ ശിഷ്യർക്കു മുന്നറിയിപ്പു നല്കുകയും ചെയ്യുന്നുണ്ട്.

ഫരിസേയർക്കും നിയമജ്ഞർക്കുമെതിരെ നിശതമായ വിമർശനത്തിന്റെയും നിരന്തര തർക്കത്തിന്റേതുമായ നിലപാടാണ് മത്തായി സ്വീകരിച്ചത്. യേശുവിനും യഹൂദനേതാക്കൾക്കും ഇടയിലുള്ള ഭിന്നതയും സംഘർഷാന്തരീക്ഷവും മത്തായിയുടെ സുവിശേഷത്തിൽ നന്നായി പ്രതിഫലിക്കുന്നുണ്ട്. ഫരിസേയരുടെയും നിയമജ്ഞരുടെയും നീതിബോധത്തെക്കാൾ ഉയർന്ന നീതിബോധം സ്വർഗരാജ്യ പ്രവേശനത്തിനു വ്യവസ്ഥയായി ശിഷ്യരിൽനിന്ന് ആവശ്യപ്പെടുന്നതുവഴി (5:20) യഹൂദനേതാക്കളെ പരോക്ഷമായി വിധിക്കുകയാണ് അവിടന്ന്. ദാനധർമ്മം, ഉപവാസം, പ്രാർത്ഥന തുടങ്ങിയ ഭക്താഭ്യാസങ്ങളിൽ യേശുശിഷ്യന്മാർ ആ കപടഭക്തരിൽനിന്ന് വ്യത്യസ്തരായിരിക്കണം (6:2, 5, 16). നിയമജ്ഞർക്കും ഫരിസേയർക്കുമെതിരെ രൂക്ഷമായ കടന്നാക്രമണമാണ് 23-ാം അദ്ധ്യായം.

യഹൂദനേതാക്കളെ യേശു കടുത്തഭാഷയിലം ചിത്രീകരിച്ചതിനു ചില കാരണങ്ങൾ ഉണ്ടായിരുന്നു. യഹൂദരുടെ ചരിത്രത്തിലെ സുപ്രധാന സംഭവമായിരുന്നു റോമാക്കാർ എ.ഡി. 70-ൽ ജെറുസലേം ദേവാലയവും നശിപ്പിച്ചത്. തത്ഫലമായി യഹൂദർക്ക് അവരുടെ ഭൂമിയുടെമേലും വിശുദ്ധസ്ഥാപനമായ ദേവാലയത്തിന്റെമേലും ഉണ്ടായിരുന്ന രാഷ്ട്രീയനിയന്ത്രണം നഷ്ടപ്പെട്ടു. A.D. 70-ലെ അത്യാഹിതത്തിനുശേഷം ഫരിസേയഗ്രൂപ്പ് റബ്ബിമാർ, യോഹന്നാൻ ബെൻസക്കാറബിയുടെ നേതൃത്വത്തിൽ റബിനിക്/ഫരിസേയ യഹൂദമതം എന്നൊന്നു തട്ടിക്കൂട്ടി, ദേവാലയമോ രാജ്യമോ ഇല്ലെങ്കിലും ഒരു മതമെന്ന നിലയിൽ യഹൂദമതം നിലനില്ക്കുന്നതിന് തോറാ (നിയമസംഹിത) യുടെ പ്രാധാന്യം എടുത്തുകാട്ടി ഈ റബിനിക്/ഫരിസേയമതം.

പുനഃസംഘടിപ്പിക്കപ്പെട്ട മതമെന്നനിലയിൽ സ്വന്തം വ്യക്തിത്വം പാലിക്കാനും സൂക്ഷിക്കാനുമായിരുന്നു പുതിയ യഹൂദമതത്തിനു വ്യഗ്രത. യേശുവിനെ മിശിഹാ ആയി അംഗീകരിച്ച യഹൂദക്രിസ്ത്യാനികളെ അവർ പാഷണ്ഡതക്കാരും വിശ്വാസത്തിന്റെ വേരുമാന്തിയ വഞ്ചകരുമായിക്കരുതി പീഡിപ്പിക്കാൻ തുടങ്ങി(cf10:17).റബിനിക്യഹൂദമതത്തിന്റെ രംഗപ്രവേശനത്തോടെ മത്തായിയുടെ സഭ ആപത്കരമായ ഒരു സ്ഥിതിവിശേഷമാണ് നേരിടേണ്ടിവന്നത്. നിയമജ്ഞന്മാർക്കും ഫരിസേയർക്കുമെതിരെ കടുത്ത വിമർശനമുണ്ടാവാൻ ഇതാവാം കാരണം. രക്ഷാകര ചരിത്രത്തെക്കുറിച്ചുള്ള മത്തായിയുടെ വീക്ഷണത്തിൽ പഴയനിയമത്തിന്റെ പൂർത്തീകരണമാണ് യേശുവിന്റെ ശുശ്രൂഷ; 'ഇസ്രായേലിലെ നഷ്ടപ്പെട്ട കുഞ്ഞാടുകൾക്ക് മാത്രമായി അതു പരിമിതപ്പെടുത്തുകും ചെയ്തിരിക്കുന്നു' (cf മത്താ 10:5-6; 15:24). എന്നാൽ, യേശുവിന്റെ മരണത്തിനും ഉത്ഥാനത്തിനും ശേഷം സഭ സാർവത്രിക ദൗത്യമുള്ള യഥാർഥ ഇസ്രായേലായിത്തീർന്നു (cf മത്താ 28:16-20).

## സുവിശേഷഘടന

ഏറ്റവും കൂടുതൽ ശ്രദ്ധയോടെ എഴുതപ്പെട്ട സുവിശേഷം മത്തായിയുടേതാണെന്നു വേണം പറയാൻ. ലഭ്യമായ പാരമ്പര്യങ്ങളെല്ലാം ഉപയോഗിച്ച് അതീവശ്രദ്ധയോടെയാണ് രചന നടത്തിയത്.

### I. പഞ്ചമുഖ വിഭജനം

മത്തായിയുടെ സുവിശേഷത്തിൽ യേശുവിന്റെ അഞ്ചു പ്രസംഗങ്ങൾ അടങ്ങിയിട്ടുണ്ട്. മലയിലെ പ്രസംഗമാണ് ഒന്ന് (5-7). അപ്പസ്തോലന്മാരുടെ ദൗത്യത്തെക്കുറിച്ചുള്ള പ്രസംഗം (10). ഉപമകളെക്കുറിച്ചുള്ള പ്രബോധനം (13). സഭയെപ്പറ്റിയുള്ള പ്രഭാഷണം (18) ലോകാവസാനകാല സംഭവങ്ങളെ ആസ്പദമാക്കിയുള്ള പ്രഭാഷണം (24-25) എന്നിവയാണ് മറ്റുള്ളവ. അഞ്ചു പ്രത്യേക സ്ഥലത്തും സന്ദർഭങ്ങളിലുംവച്ചു യേശു ഓരോ വിഷയത്തെക്കുറിച്ചു സംസാരിച്ചു എന്ന് ഇതിൽനിന്നും മനസ്സിലാക്കേണ്ടതില്ല. യേശുവിന്റെ പ്രബോധനങ്ങളെക്കുറിച്ചു നിലവിലുണ്ടായിരുന്ന പാരമ്പര്യങ്ങൾക്കു മത്തായി പ്രസംഗങ്ങളുടെ രൂപം നല്കി; ഒരു സാഹിത്യരചനയാക്കി മാറ്റി എന്നുമാത്രം. ഈ പ്രബോധനങ്ങൾ ഓരോന്നും വിവരണാത്മകമായ ഒരു ആമുഖത്തോടെ ആരംഭിക്കുന്നു. എല്ലാറ്റിനും ഏതാണ്ട് ഒരേ മാതിരിയുള്ള ആവർത്തന വിരസതയുള്ള അന്ത്യമാണുള്ളത് (cf 7:28; 11:1; 13:53; 19:1; 26:1).

ഒരു പ്രബോധനവും ഒരു വിവരണവും ഒന്നിച്ചുചേർത്ത് ഒരു യൂണിറ്റ്, ഇങ്ങനെ അഞ്ചു യൂണിറ്റുകൾ - ഇതാണ് മത്തായി സ്വീകരിച്ചിരിക്കുന്ന ഘടനാരീതി. ബാല്യകാല വിവരണമാണ് (1-2) ആമുഖം; പീഡാനുഭവവിവരണം (26-28) ഉപസംഹാരവും. ഈ അഞ്ചു പ്രസംഗങ്ങൾ പഞ്ചഗ്രന്ഥിയിലെ അഞ്ചു പുസ്തകങ്ങളെവരെ അനുസ്മരിപ്പിക്കുന്നുവെന്നതാണ് ഇവയുടെ പ്രത്യേകത. അങ്ങനെ മത്തായിയുടെ സുവിശേഷം പുതിയ സഭയുടെ പഞ്ചഗ്രന്ഥിയായി മാറിയെന്ന പ്രതീതിയാണ് ഇത് വായനക്കാരനു നല്കുക. സുവിശേഷത്തിന്റെ ഘടന താഴെ കാണുന്ന പ്രകാരമാണ്:

| | | | |
|---|---|---|---|
| **ആമുഖം** | അദ്ധ്യായം | 1-2 | ബാല്യകാലവിവരണം |
| **പുസ്തകം I** | | | |
| | ” | 3-4 | വിവരണം |
| | ” | 5-7 | പ്രസംഗം |
| **പുസ്തകം II** | | | |
| | ” | 8-9 | വിവരണം |
| | ” | 10 | പ്രസംഗം |
| **പുസ്തകം III** | | | |
| | ” | 11-12 | വിവരണം |
| | ” | 13 | പ്രസംഗം |
| **പുസ്തകം IV** | | | |
| | ” | 14-17 | വിവരണം |
| | ” | 18 | പ്രസംഗം |
| **പുസ്തകം V** | | | |
| | ” | 19-23 | വിവരണം |
| | ” | 24-25 | പ്രസംഗം |
| **ഉപസംഹാരം** | ” | 26-28 | പീഡാനുഭവ വിവരണം |

### II ത്രിമുഖവിഭജനം

സുവിശേഷത്തിന്റെ രണ്ടു പ്രധാന സന്ദർഭങ്ങളിൽ (4:17; 16:21) ഒരു ഫോർമുല കാണാം: ‘അപ്പോൾ മുതൽ യേശു...’ ശുശ്രൂഷയിലെ പുതിയൊരു ഘട്ടം ഇതുവഴി ആരംഭിക്കുകയാണ്. 1:1, വിസ്തരിച്ചു 4:16 വരെ എത്തിച്ച ആമുഖത്തിന്റെ തലവാചകംപോലെ പരിഗണിച്ചാൽ മത്തായിയുടെ സുവിശേഷത്തിന് മൂന്നു വിഭാഗങ്ങളുള്ള മറ്റൊരു ഘടനാരീതി കാണാൻ കഴിയും. അവ താഴെ കൊടുത്തിരിക്കുന്നു.

1:1 4:16:- യേശുവിന്റെ ജനനം, ബാല്യം, ശുശ്രൂഷയ്ക്ക് ഒരുക്കം.

4:17-16:20; വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും സ്വർഗരാജ്യം വിളംബരംചെയ്യുന്നു. ജനക്കൂട്ടത്തിന്റെ പ്രതികരണം, യേശുവിന്റെ മറുപടി.

16:21-28:20: പീഡാനുഭവത്തിനുള്ള തയ്യാറെടുപ്പ്, ജെറുസലേം ശുശ്രൂഷ, പീഡാനുഭവ വിവരണം.

# ഉള്ളടക്കം

## പ്രസംഗം : പ്രേഷിതദൗത്യം (10:1–11:1)

മത്തായിയുടെ സുവിശേഷത്തിൽ യേശുവിന്റെ രണ്ടാമത്തെ വലിയ പ്രസംഗമാണ് പത്താം അധ്യായത്തിലെ പ്രേഷിത ദൗത്യത്തെക്കുറിച്ചുള്ള പ്രസംഗം. മറ്റു രണ്ടു സമാന്തര സുവിശേഷകരും യേശുവിന്റെ ഈ പ്രഭാഷണം രേഖപ്പെടുത്തിയിട്ടുണ്ട്. മർക്കോസിന്റെ സുവിശേഷത്തിലും (6:7–13) മത്തായിയുടെ സുവിശേഷത്തിലും പ്രസംഗം 12 പേരെ ഉദ്ദേശിച്ചുള്ളതാണ്. ലൂക്കായുടെ സുവിശേഷ ത്തിലാകട്ടെ, രണ്ടു പ്രഭാഷണങ്ങളുണ്ട്: പന്ത്രണ്ടുപേരോടും (ലൂക്കാ 9:1–6) 72 ശിഷ്യരോടും നടത്തുന്ന പ്രഭാഷണങ്ങൾ (ലൂക്ക 10:1–16).

10:1–42ലെ പ്രസംഗം പല പാരമ്പര്യങ്ങൾ ഒന്നിച്ചു ചേർന്നതാണ്, അടിസ്ഥാനത്തിൽ ചരിത്രപര മായ പ്രഭാഷണം (10:5–16) പല സ്രോതസ്സുകളിൽനിന്നും വ്യത്യസ്ത വചനങ്ങൾ കൂട്ടിച്ചേർത്ത് സുവി ശേഷകൻ വികസിപ്പിച്ചിരിക്കുകയാണ്. കൂട്ടിച്ചേർക്കപ്പെട്ട ഭാഗങ്ങൾ, 10:17–22 ഉൾപ്പെടെ, മർക്കോസിന്റെ സുവിശേഷത്തിൽ 13:9–13ൽ നിന്ന് അക്ഷരംപ്രതി കടമെടുത്ത ഭാഗങ്ങൾ ഒന്നാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ, മത്തായിയുടെ കാലത്തെ യഹൂദക്രൈസ്തവസമൂഹത്തിന്റെ പരിതഃസ്ഥിതി നിഴലിക്കുന്ന താണ്; ഈ സമൂഹം യഹൂദരിൽ പീഡിപ്പിക്കപ്പെട്ടിരുന്ന സമൂഹമാണ് (cf. 10:17–23). ക്രൈസ്തവ പ്രേഷിതർ പിശാചുമായി ബന്ധത്തിലാണെന്ന ദുഷ്പ്രചരണം നടത്തുകയും (cf.10:24–25), ക്രൈസ്തവ വിശ്വാസത്തിലേക്കു വന്നിരുന്ന ഒറ്റപ്പെട്ട വ്യക്തികളുടെ കുടുംബബന്ധങ്ങളെ വിഛേദിക്കുവാൻ നിർബ ന്ധിക്കുകയും ചെയ്തിരുന്നു (cf. 10:34–36). ഒന്നാം നൂറ്റാണ്ടിലെ അവസാനഘട്ടത്തിൽ നിലവിലിരുന്ന സഭയും സിനഗോഗും തമ്മിലുള്ള എതിർപ്പിന്റെ പശ്ചാത്തലത്തിലാണ് പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള പ്രഭാഷണത്തോട് കൂട്ടിച്ചേർക്കപ്പെട്ട ഭാഗങ്ങൾ നാം മനസ്സിലാക്കേണ്ടത്. സഭയുടെ പശ്ചാത്തലം കണ ക്കിലെടുത്തുകൊണ്ട്, മത്തായി പ്രഭാഷണത്തിന്റെ മൂലരൂപം വികസിപ്പിച്ചു. സുവിശേഷകൻ യേശുവി നെക്കൊണ്ട് ക്രൈസ്തവപ്രേഷിതരോടാണ് സംസാരിപ്പിക്കുന്നത്. എതിർപ്പിന്റെ പശ്ചാത്തലത്തിൽ പ്രോത്സാഹനവും സഹായവും നല്കുകയാണ് ഉദ്ദേശ്യം. അതോടൊപ്പം മിഷനറിമാരെ ശ്രവിക്കുന്നവ രോടും മത്തായിയുടെ യേശു സംസാരിക്കുന്നുണ്ട്. വിശ്വാസം സ്വീകരിക്കുന്നതിന്റെ ആവശ്യകതയും പ്രാധാന്യവും അതിന് നല്കേണ്ട വിലയുമാണ് വിഷയം. അതുപോലെ മിഷനറിമാരെ സ്വീകരിക്കുന്ന വർക്ക് പ്രതിഫലം ലഭിക്കാതിരിക്കില്ല എന്ന് എല്ലാവരെയും അനുസ്മരിപ്പിക്കുകയും ചെയ്യുന്നു.

*മത്തായി 10–ലെ പ്രഭാഷണം താഴെ പറയുംവിധം വിഭജിക്കാം.*
ആമുഖം – 10:1–4; ഇസ്രായേലിലെ ദൗത്യം – 10:5–16; എതിർപ്പ് – 10:17–25; നിർദ്ദേശങ്ങൾ – 10:26–33; ശിഷ്യത്വത്തിന്റെ വില– 10:34–39; ഉപസംഹാരം – 10: 40–42

### യേശു 12 പേർക്ക് അധികാരം നല്കുന്നു (മത്തായി 10:1–4 )

10:5bൽ ആരംഭിക്കുന്ന പ്രേഷിതദൗത്യപ്രഭാഷണത്തിന് ആമുഖമാണ് 10:1–4ലെ വിവരണം. 12 പേരെ വിളിച്ച് യേശു അവർക്ക് പിശാചുക്കളുടേയും രോഗങ്ങളുടേയും മേൽ അധികാരം നല്കുന്നു (10:1). സുവിശേഷകൻ 12 ''അപ്പസ്തോലന്മാ''രുടെ ലിസ്റ്റും നല്കുന്നു (10:2–4).

മർക്കോസിനെയും ലൂക്കായെയും പോലെ മത്തായി 12 പേരെ തെരഞ്ഞെടുക്കുന്ന പ്രത്യേക വിവരണം നല്കുന്നില്ല (cf. മർക്കോസ് 3:13–19; ലൂക്കാ 6:12–16). ഇതുവരെ നമ്മുടെ സുവിശേഷകൻ 5 ശിഷ്യരുടെ പേരുകളേ നല്കിയിട്ടുള്ളു (cf.മത്തായി 4:18–22;9:9). എന്നാൽ 10:1 ൽ പെട്ടെന്ന് പന്ത്രണ്ടു പേരെ പരിചയപ്പെടുത്തുന്നു. അങ്ങനെ ചെയ്യുമ്പോൾ സഭയ്ക്ക് 12 ശിഷ്യന്മാരുടെ പാരമ്പര്യം നന്നായി അറിയാമെന്ന് മത്തായി സങ്കല്പിക്കുന്നു.10:2ൽ പന്ത്രണ്ടു ശിഷ്യന്മാർ 12 അപ്പസ്തോലന്മാർ ആയിത്തീ രുന്നു. ''അപ്പസ്തോലൻ'' എന്ന വാക്കിന്റെ അർഥം അയക്കപ്പെട്ടവൻ എന്നാണ്. 10:2ലെ ''പന്ത്രണ്ട് അപ്പസ്തോലന്മാർ'' എന്ന പ്രയോഗം യേശുവിന്റെ പാരമ്പര്യങ്ങളുടെ സംരക്ഷകരും വിശ്വാസയോഗ്യ രായ പ്രബോധകരും എന്ന നിലയിൽ 12 പേർക്കുള്ള സവിശേഷമായ ദൗത്യത്തെക്കുറിച്ചുള്ള സഭയുടെ ധാരണയാണ് വ്യക്തമാക്കുന്നത്. മത്തായി '' അപ്പോസ്തോലന്മാർ'' എന്ന പ്രയോഗം വേറൊരിടത്തും ഉപയോഗിക്കുന്നില്ല. സുവിശേഷകനിഷ്ടം ''ശിഷ്യന്മാർ'' എന്ന പേരാണ്. അത് ഭാവിയിലെ എല്ലാ ശിഷ്യന്മാരും ഉൾപ്പെട്ടതും പ്രത്യേകിച്ച് സഭയുടെ നേതാക്കന്മാർ അടങ്ങിയതുമായ പ്രയോഗമാണ്. പഴയ ഇസ്രായേലിന്റെ 12 ഗോത്രങ്ങളിൽ നിന്നു വരുന്ന ''12'' എന്ന എണ്ണം പുതിയ ഇസ്രായേലിന്റെ 12 ഗോത്രങ്ങളുടെ പ്രതീകമാണ് (cf.മത്തായി 19:28). മറ്റു വാക്കുകളിൽ, യേശുവിന്റെ പന്ത്രണ്ടുശിഷ്യന്മാർ പുതിയ ഇസ്രായേലായ ഭാവിസഭയുടെ പ്രഥമരൂപമാണ്.

പുതിയ നിയമത്തിലെ 12 പേരുടെ ലിസ്റ്റുകളിലെല്ലാം പത്രോസിന്റെ പേരാണ് ആദ്യം കൊടുത്തിരിക്കുന്നത് (cf. മർക്കോ 3:16-19; ലൂക്കാ 6:13-16; അപ്പ 1:13). മത്തായിയുടെ ലിസ്റ്റിലും ഇങ്ങനെതന്നെ (10:2-4). പക്ഷേ, മത്തായി ശീമോൻ പത്രോസിനെ പ്രത്യേകം മാറ്റി നിറുത്തുന്നു (''ഒന്നാമൻ പത്രോസ്''). ഇത് അദ്ദേഹത്തിന്റെ ഒന്നാം സ്ഥാനവും പ്രത്യേക ദൗത്യവും വ്യക്തമാക്കാനാണ്. 10:3 മത്തായിയെ ചുങ്കക്കാരനായി അവതരിപ്പിക്കുന്നു. 9:9ൽ അദ്ദേഹത്തിന്റെ വിളി അവതരിപ്പിച്ചതാണല്ലോ. തദേവൂസിന്റെ പേരിനെക്കുറിച്ച് അല്പം സംശയമുണ്ട്. ലൂക്കാ 6:16ലും അപ്പസ്തോലപ്രവർത്തനം 1:13 ലും ജയിംസിന്റെ മകൻ യൂദാസ് എന്നും മത്തായിയുടെയും മർക്കോസിന്റെയും ചില കയ്യെഴുത്തു പ്രതികളിൽ ലബ്ബേവൂസ് എന്നുമാണ് തദേവൂസിന്റെ പേര്.

**പന്ത്രണ്ടു ശിഷ്യന്മാരുടെ പ്രേഷിതദൗത്യം (മത്തായി 10:5-16)**

മത്തായി 10:5-16ലെ യേശു 12 പേർക്കു നല്കുന്ന നിർദേശങ്ങളാണ് യഥാർഥ പ്രേഷിതപ്രഭാഷണം (cf. മർക്കോ 6:7-13; ലൂക്കാ 9:1-6; 10:1-12). ഇസ്രായേല്യരുടെ അടുക്കലേക്ക് മാത്രമുള്ള ഒരു പ്രേഷിതപ്രവർത്തനത്തിനാണ് ശിഷ്യന്മാർ അയക്കപ്പെടുന്നത്. വിജാതീയരുടെയും സമരിയാക്കാരുടെയും അടുക്കലേക്ക് പോകരുത് എന്ന് വ്യക്തമായ കല്പനയുണ്ട് (10:5-6). പരസ്യജീവിതകാലത്തെ സംബന്ധിച്ചിടത്തോളം യേശുവിന്റെ നിരോധനം സാധുവാണ്. ജീവിച്ചിരുന്നപ്പോൾ യേശു മിക്കവാറും യഹൂദപരിധിക്കപ്പുറത്ത് പ്രവർത്തനം നടത്തിയെന്ന് തോന്നുന്നില്ല (cf. മത്തായി 15:24). സാർവത്രികമായ ഒരു പ്രേഷിതവേല ഉത്ഥാനശേഷമാണ് ആരംഭിക്കുന്നത്. ഉത്ഥിതനായ യേശു അങ്ങനെയൊരു ദൗത്യവുമായി 11 പേരെ അയയ്ക്കും (28:16-20). യേശുവിന്റെ പ്രവർത്തനകാലത്ത് പ്രേഷിതപ്രവർത്തനത്തിന് പരിധി നിശ്ചയിച്ചിരിക്കുന്നു.

പന്ത്രണ്ടുപേരുടെ പ്രേഷിതപ്രവർത്തനം യേശുവിന്റേതുതന്നെയാണ്. യേശു ചെയ്തതുപോലെ (4:17), ദൈവരാജ്യം പ്രസംഗിക്കാനും (10:7) രോഗങ്ങൾ സുഖപ്പെടുത്താനും മരിച്ചവരെ ഉയിർപ്പിക്കാനും പിശാചുക്കളെ ബഹിഷ്കരിക്കാനും (മത്താ 8-9) അവർക്ക് അധികാരം നല്കപ്പെടുന്നു. യേശുവിന്റെ ദൗത്യം തുടരാൻ അയക്കപ്പെടുന്നവരാണവർ എന്നു ചുരുക്കം. യേശുവിന്റെ നിർദേശങ്ങളിൽ സമൂലമായ ദാരിദ്ര്യവും പൂർണമായ വിയോഗവും ഉൾപ്പെടുന്നു. യാത്രയ്ക്കൊരുക്കമായി പണമോ ഭക്ഷണമോ, ഒന്നിലധികം വസ്ത്രമോ എടുക്കരുത്. ചെരുപ്പുധരിക്കാനോ വടി എടുക്കാനോ അനുവാദമില്ല. ഇസ്രായേല്യരുടെ ഇടയിൽ മാത്രമുള്ള പരിമിതമായ പ്രേഷിതപ്രവർത്തനമായതുകൊണ്ടാവാം വടിയും ചെരിപ്പും ഉപയോഗിക്കാൻ അനുവദിക്കാത്തത് (മർക്കോസിൽ വ്യത്യസ്തമാണ്). പ്രതിഫലം വാങ്ങരുതെന്ന കല്പനയും അതോടൊപ്പം ചേർക്കപ്പെടണം: ''ദാനമായി നിങ്ങൾക്ക് കിട്ടി. ദാനമായി കൊടുക്കുവിൻ'' (10:8). ഇത്തരം ഒരു ജീവിതം തന്റെ പ്രേഷിതരിൽ നിന്ന് ആവശ്യപ്പെടാൻ യേശുവിന് പല കാരണങ്ങളുണ്ട്. പ്രേഷിതവേല പ്രധാനപ്പെട്ടതാണ്; അടിയന്തിരമാണ്; അതിനാൽ പൂർണമായ ശ്രദ്ധയും അതിന് കൊടുക്കണം. ലൗകികവസ്തുക്കളുടെ അഭാവവും സ്വന്തം ജീവിതത്തെക്കുറിച്ച് ആകുലതയില്ലായ്മയും ലക്ഷ്യത്തിൽ പൂർണ സമർപ്പിതരായി വർത്തിക്കാൻ അവരെ സഹായിക്കും. അതേസമയം മിഷനറിമാരുടെ ദാരിദ്ര്യം അവരുടെ വിശ്വാസയോഗ്യതയും അവരുടെ പ്രവർത്തനത്തിന്റെ വിശ്വാസയോഗ്യതയും വർധിപ്പിക്കുകയും ചെയ്യും. സമൂലമായ ദാരിദ്ര്യം ദൈവത്തിലുള്ള അവരുടെ ആശ്രയത്തിന്റെ പ്രഖ്യാപനവുമാണ്.

മിഷനറിമാർ അർഹനായ ഒരു ആതിഥേയനെ കണ്ടെത്തി അയാളുടെ കൂടെ താമസിക്കണം. ''അർഹനാ''യവൻ അവരെയും അവരുടെ സന്ദേശത്തെയും സ്വീകരിക്കുന്നവനാകണം. ഭക്തരായ യഹൂദർ വിജാതീയ പ്രദേശങ്ങളിൽ പോയി പലസ്തീനായിൽ പ്രവേശിക്കും മുൻപ് കാലിലെ പൊടി തട്ടിക്കളയുമായിരുന്നു. ശിഷ്യരുടെ സന്ദേശം സ്വീകരിക്കാത്ത സഹൂദർ വിജാതീയരെ സ്വീകരിക്കുന്ന യഹൂദപട്ടണങ്ങളെക്കാൾ കൂടുതൽ ആശ്വാസം വിധി ദിവസത്തിൽ സോദോമിനും ഗൊമോറയ്ക്കും ഉണ്ടാകുമെന്ന് യേശു പറയുന്നു. സോദോമും ഗൊമോറയും യഹോവയുടെ സന്ദേശകരെ സ്വീകരിച്ചില്ല (cf. ഉത്പ 19). അതിലും കഷ്ടമായിരിക്കും, യേശുവിന്റെ സന്ദേശകരെ സ്വീകരിക്കാത്തവർക്ക്.

**എതിർപ്പ് (മത്തായി 10:17-25)**

ഗിരിപ്രഭാഷണം പോലെ ഈ പ്രഭാഷണവും മത്തായി രൂപപ്പെടുത്തിയതാണ്. സുവിശേഷകൻ മറ്റ് സ്രോതസ്സുകളിൽ നിന്നു ശേഖരിച്ചതും സഭയുടെ ഭാവിയിലെ പ്രേഷിതവേലയുമായി ബന്ധപ്പെടുത്തുമ്പോൾ പ്രസക്തമായതുമായ ഭാഗങ്ങൾ കൂട്ടിച്ചേർത്താണ് ഇങ്ങനെ ചെയ്തത്. അങ്ങനെ 10:5-16നു ശേഷം യഹൂദരിൽനിന്നും വിജാതീയരിൽ നിന്നും പിന്നീട് ശിഷ്യന്മാർ അനുഭവിക്കാൻ പോകുന്ന പീഡകളെക്കുറിച്ചുള്ള വാക്യങ്ങൾ 10:17-25ൽ അവതരിപ്പിക്കുന്നു. മർക്കോ 13:9-13 ആണ് ഇതിന്റെ ഉറവിടം.

10:17-25ൽ പരിമിതിവച്ചുള്ള പ്രേഷിതപ്രർത്തനത്തിന് പുതിയ ചക്രവാളം തുറക്കപ്പെടുന്നു. ഇത് പിന്നീടു നടക്കാനിരിക്കുന്ന പ്രവർത്തനത്തിന്റെ മുൻകൂട്ടിയുള്ള അവതരണമാണ്. സ്വന്തം സഭയുടെ തന്നെ പശ്ചാത്തലത്തെക്കുറിച്ചാണ് മത്തായി അനുസ്മരിക്കുന്നത്. അതിനാൽ ഇവിടെ പറഞ്ഞിരിക്കുന്നതു ഭാവി ശിഷ്യന്മാർക്ക് പൂർണമായും ബാധകമാണ്. ഇവിടെ ഊന്നൽ കൊടുത്തിരിക്കുന്നത് ഒരാശയത്തിനാണ്: യേശുവിന്റെ അധികാരത്തിലും ദൗത്യത്തിലും പങ്കുപറ്റുന്ന ശിഷ്യർ അവിടത്തെ വിധിയിലും പങ്കുപറ്റണം. പീഡാസഹനവിവരണത്തിൽ വളരെ പ്രാധാന്യമുള്ള ''ഏല്പിച്ചു കൊടുക്കുക'' എന്ന പ്രയോഗം (cf. മത്താ 17:22; 20; 18.19; 26:2.16.21, 23, 24, 45 etc) ഈ ഭാഗത്ത് മൂന്നു പ്രാവശ്യം പ്രത്യക്ഷപ്പെടുന്നു (10:17.19.21). യേശുവിനെപ്പോലെ അവരും കൗൺസിലിന്റെയും രാജാക്കന്മാരുടെയും ഗവർണർമാരുടെയും കരങ്ങളിൽ ''ഏല്പ്പിക്കപ്പെടും''. ശിഷ്യരും ഭൃത്യരും എന്ന നിലയിൽ അവരുടെ വിധി ഗുരുവിന്റേതുതന്നെ. അത് പീഡനത്തിലും തിരസ്കരണത്തിലും പിശാചുബാധിതർ എന്ന കുറ്റാരോപണത്തിലും ചെന്ന് അവസാനിക്കും (മത്താ. 10:24-25).

എതിർപ്പും സഹനവും ശിഷ്യർക്ക് യഹൂദരുടെയും വിജാതീയരുടെയും മുമ്പിൽ യേശുവിന് സാക്ഷ്യം വഹിക്കാനുള്ള അവസരമാണ്. ''അവസാനംവരെ സഹിച്ചുനില്ക്കുന്നവൻ രക്ഷപെടും'' (10:23). ''അവസാനം'' എന്നവാക്ക് മരണത്തേയോ ലോകാവസാനത്തേയോ സൂചിപ്പിക്കാം. മിക്കവാറും മരണമാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്.

ഒരു പട്ടണത്തിൽ പീഡിപ്പിക്കപ്പെടുമ്പോൾ മറ്റൊരു പട്ടണത്തിൽ അഭയം തേടണമെന്ന് യേശു ആവശ്യപ്പെടുന്നു. മനുഷ്യപുത്രൻ വരുന്നതിനു മുൻപ് അവർ ഇസ്രായേലിലെ എല്ലാ പട്ടണങ്ങളും ഓടി പൂർത്തിയാക്കുകയില്ല എന്നും യേശു പറയുന്നു (10:23). എന്താണ് 10:23b-യുടെ അർഥം? ശിഷ്യന്മാർ ഓടിത്തീരും മുൻപ് യുഗാന്തം വരും എന്നാണോ ഉദ്ദേശിക്കപ്പെടുക? ഏതാണ്ട് A.D. 90 നു മുൻപ് എഴുതിയ സുവിശേഷകനെ സംബന്ധിച്ചിടത്തോളം അത് ശരിയാകാൻ സാധ്യതയില്ല. മത്തായിയുടെ മനസ്സിൽ ഉള്ളത് ഉത്ഥിതനായ യേശു പതിനൊന്നു ശിഷ്യന്മാരെ വിജാതീയദൗത്യത്തിനായി അയക്കുന്ന ''ചെറിയ യുഗാന്തം'' ആയിരിക്കണം.

ശിഷ്യരും ഗുരുവും തമ്മിലുള്ള സാമ്യമാണ് 10:24-25ൽ അടിവരയിട്ടു കാണിക്കുന്നത്. ഗുരുവിനും കർത്താവിനും ലഭിച്ചതിനെക്കാൾ മെച്ചപ്പെട്ടൊരു പെരുമാറ്റം പ്രതീക്ഷിക്കരുത്. യേശുവിന്റെ ദൗത്യത്തിൽ പങ്കുപറ്റുന്നവർ യേശുവിന്റെ വിധിയിലും പങ്കുചേരണം.

**ഉപദേശം (മത്തായി 10:26-33)**

യേശു ആവർത്തിച്ചു പറയുന്നുണ്ട്, ''ഭയപ്പെടരുത്'' എന്ന് (10:26. 28.31). നാലു കാരണങ്ങളാണ് പീഡിപ്പിക്കുന്നവരെ ഭയപ്പെടാതിരിക്കാൻ നല്കുന്നത്. (1) അവർ പ്രസംഗിക്കുന്ന സുവിശേഷം ആരാലും നശിപ്പിക്കാൻ സാധ്യമല്ല. പീഡിപ്പിക്കുന്നവർക്ക് സുവിശേഷം മറച്ചുവയ്ക്കാൻ സാധ്യമല്ല (10:26). യേശു നല്കിയ എല്ലാ പ്രബോധനങ്ങളും പരസ്യമാക്കപ്പെടണം (10:27). (2) അവർക്ക് ശരീരത്തെ മാത്രമേ കൊല്ലാനാവൂ. ആത്മാവിനെ കൊല്ലാൻ സാധിക്കില്ല. (3) ദൈവത്തിന്റെ പരിപാലനയാണ് മറ്റൊരു കാരണം. ആ പരിപാലനയ്ക്ക് ശിഷ്യന്മാർ സ്വയം ഏല്പിച്ചു കൊടുക്കണം (10:31). (4) മുന്നറിയിപ്പായിട്ടാണ് അവസാന കാരണം പറയുന്നത്. മനുഷ്യരുടെ മുമ്പിൽ (മനുഷ്യക്കോടതികൾ) യേശുവിന് സാക്ഷ്യം വഹിക്കുന്നവരെ യേശു പിതാവിന്റെ മുമ്പിൽ (സ്വർഗീയക്കോടതി) അംഗീകരിക്കും. മനുഷ്യരുടെ മുമ്പിൽ യേശുവിനെ തിരസ്കരിക്കുന്നവരെ യേശുവും തിരസ്കരിക്കും (10:32-33).

ശിഷ്യന്മാർ ദൗത്യനിർവഹണത്തോടൊപ്പം പീഡകളും സഹിക്കേണ്ടിവരുമെന്നാണ് ഇവിടെ വ്യക്തമായത്. എന്നാൽ ശിഷ്യന്മാർ സ്ഥിരതയുള്ളവരായും നിർഭയരായും സാക്ഷ്യം വഹിക്കണമെന്നാണ് യേശു ഉപദേശിക്കുന്നത്.

**ശിഷ്യത്വത്തിന്റെ വില (മത്തായി 10:34-39)**

എതിർപ്പും ശതുതയും യേശുവിന്റെ അനുഗാമിയായിരിക്കുന്നതിന് ഒരാൾ കൊടുക്കേണ്ട വിലയാണ്. താൻ വന്നത് സമാധാനവും കൊണ്ടല്ല വാളുമായാണ് എന്ന് യേശു പറയുമ്പോൾ ആശ്ചര്യം തോന്നും (10:34). ഏശയ്യാ പ്രവാചകൻ കണ്ട സമാധാനത്തിന്റെ രാജാവല്ലേ അവിടന്ന് (ഏശയ്യ 9:6)? സമാധാനപാലകരെ ഭാഗ്യവാന്മാർ എന്നുവിളിക്കുന്ന യേശുവിന് (5:9) എങ്ങനെ ഇതു പറയാൻ സാധിക്കും? പശ്ചാത്തലത്തിൽ നിന്ന് ഉത്തരം കിട്ടുന്നു. യേശുവിന്റെ അനുഗാമികൾ സമാധാനമാണ് ശത്രുതയും എതിർപ്പുമല്ല അനുഭവിക്കേണ്ടത് എന്ന തെറ്റിദ്ധാരണ തിരുത്തുകയാണ് അവിടന്ന്. ''വാളുമായി വരുന്നു'' എന്നതിന്റെ അർഥമിതാണ്. യേശുവിന്റെ സദ്‌വാർത്ത എല്ലാവരും സ്വീകരിക്കുകയില്ല. ചിലർ മാത്രം അതു സ്വീകരിക്കുമ്പോൾ കുടുംബങ്ങളിൽതന്നെ വിഭജനം നടക്കും (10:35-36).

യേശു തന്റെ ശിഷ്യരിൽ നിന്ന് ആവശ്യപ്പെടുന്നത് നിരുപാധികവും സമ്പൂർണവുമായ വിശ്വസ്തതയാണ്. യേശുവിനോടുള്ള വിശ്വസ്തതയ്ക്കുപരിയായ രക്തബന്ധങ്ങളും കുടുംബബന്ധങ്ങളും പാടി

ല്ല. യേശു ആവശ്യപ്പെടുന്ന മറ്റൊരു കാര്യം ശിഷ്യന്മാർ കുരിശുമെടുത്ത് അനുഗമിക്കണം എന്നതാണ് (10:38). സുവിശേഷത്തിൽ ആദ്യമായി ഉപയോഗിക്കുന്ന ''കുരിശ്'' എന്ന വാക്ക് യേശുവിന്റെ വിധി യുടെ മുന്നോടിയാണ്. യഥാർഥശിഷ്യൻ യേശുവിനെ കുരിശുവരെ അനുഗമിക്കാൻ തയ്യാറാവണം. അവിടത്തോടുള്ള വിശ്വസ്തതയെക്കുറിച്ചു പറയുമ്പോൾ, രക്തസാക്ഷിത്വം തന്നെയാണ് യേശു ആവ ശ്യപ്പെടുന്നത്.

**യേശുവിന്റെ സന്ദേശവാഹകരുടെ സ്വീകരണം (മത്തായി 10:40–42)**

തന്റെ സന്ദേശവാഹകരെ സ്വീകരിക്കുന്നവർക്കുള്ള പ്രതിഫലത്തെക്കുറിച്ചു പറഞ്ഞുകൊണ്ടാണ് യേശു പ്രഭാഷണം അവസാനിപ്പിക്കുന്നത്. യേശുവിനാൽ അയക്കപ്പെട്ടവരാകയാൽ അപ്പസ്തോലന്മാർ അവിടുത്തെ പ്രതിനിധികളാണ്. അവർ യേശുവിന്റെ നാമത്തിലും അധികാരത്തിലുമാണ് പ്രവർത്തി ക്കുന്നത്. അവിടത്തെ ദൗത്യം തുടരാൻ അയക്കപ്പെടുന്ന അവരിൽ യേശുതന്നെ സന്നിഹിതനാണ്. എല്ലാ അപ്പസ്തോല പ്രവർത്തനങ്ങളും, ക്രൈസ്തവ മിഷനറി പ്രവർത്തനങ്ങളും അന്ത്യത്തിൽ പിതാവ് യേശുവിനെ ഭരമേല്പിച്ച ദൗത്യത്തിൽ അധിഷ്ഠിതമാണ് (cf. യോഹ 20:21). ക്രൈസ്തവ പ്രവാചകരെയും, നീതിമാന്മാരെയും, സാധാരണക്കാരായ ക്രൈസ്തവരെയും സ്വീകരിക്കുന്നവർക്കും പ്രതിഫലം വാഗ്ദാനം ചെയ്തിട്ടുണ്ട് (10:42). മേല്പറഞ്ഞ ലിസ്റ്റിലൂടെ മത്തായിയുടെ സമൂഹത്തിന്റെ ഘടനയുടെ സൂചന കിട്ടുന്നുണ്ട്. ആ സമൂഹത്തിൽ പ്രവാചകന്മാർ ഉണ്ടായിരുന്നിരിക്കണം. (cf. മത്താ 7:15–16; 23:34). ഇവിടെ 'നീതിമാന്മാർ' എന്നു വിളിക്കുന്നവർ പ്രബോധകരോ, വിശ്വാസത്തിന്റെ പേരിൽ പീഡകൾ സഹിച്ചവരോ ആകാം. ''ചെറിയവർ'' എന്ന പ്രയോഗം (10:42) സമൂഹത്തിലെ സാധാരണ ക്രൈ സ്തവരെ സൂചിപ്പിക്കുന്നു (cf മത്താ 18:6,10,14). പ്രവാചകന്മാർക്കും, നീതിമാന്മാർക്കും ചെറിയ വർക്കുമുള്ള പ്രതിഫലം തന്നെയാണ് അവരെ സ്വീകരിക്കുന്നവർക്കും ലഭിക്കുന്നത്. അവരെല്ലാം യേശുവിനെ പ്രതിനിധീകരിക്കുന്നു. ഏറ്റവും ചെറിയ ഉപവി പ്രവൃത്തിപോലും പ്രതിഫലമില്ലാതെ പോകില്ല (cf. മത്താ 25:34–40). തന്റെ സന്ദേശവാഹകരെ സ്വീകരിക്കുന്നവർക്ക് പ്രതിഫലം വാഗ്ദാനം ചെയ്തുകൊണ്ട് യേശു പ്രേഷിതപ്രഭാഷണം ഉപസംഹരിക്കുന്നു. തുടർന്നുള്ള ഭാഗത്ത് യേശുവിനോ ടുള്ള എതിർപ്പിനാണ് ഊന്നൽ കൊടുക്കുന്നത്.

## സുവിശേഷത്തിലെ മൂന്നാം പുസ്തകം

### വിവരണം: എതിർപ്പും സംഘട്ടനവും (മത്തായി. 11:2–12:50)

സുവിശേഷത്തിലെ മൂന്നാം പുസ്തകം ഒരു വിവരണഭാഗവും (അധ്യായങ്ങൾ 11–12) പ്രസംഗഭാ ഗവും (അധ്യായം 13) ഉൾക്കൊള്ളുന്നു. 11 മുതൽ 13 വരെ അധ്യായങ്ങളിൽ ശത്രുതയും എതിർപ്പും എന്ന വിഷയം വിപുലീകരിക്കപ്പെടുന്നു. ഈ അധ്യായങ്ങളിൽ യേശുവിന്റെ പ്രവർത്തനത്തോടുള്ള യഹൂദരുടെ പ്രതികരണമാണ് അവതരിപ്പിക്കപ്പെടുന്നത്. ജനങ്ങളുടെ വിശ്വാസമില്ലായ്മയും യഹൂദപ്ര മാണികളുടെ വളർന്നുവരുന്ന എതിർപ്പും ആണ് പ്രധാന വിഷയങ്ങൾ. യേശു പ്രസംഗവും പ്രബോധ നവും തുടരുന്നു. യേശു ഇപ്പോൾ ശ്രദ്ധ പതിക്കുന്നത് തന്റെ ശിഷ്യരുടെ രൂപീകരണത്തിലും അവരെ വിശ്വാസമില്ലായ്മയുടെ പ്രതീകമായ ഇസ്രായേലിൽനിന്നും വേർതിരിക്കുന്നതിലുമാണ്.

**യേശു സ്നാപകന്റെ ചോദ്യത്തിന് മറുപടി നല്കുന്നു (മത്തായി 11:2–6)**

സ്നാപകയോഹന്നാൻ സ്വർഗരാജ്യത്തിനുവേണ്ടിയുള്ള അനുതാപത്തെക്കുറിച്ചും (3:2) തനിക്കു ശേഷം വരാനിരിക്കുന്ന ശക്തനായവനെക്കുറിച്ചും (3:11) പ്രസംഗിച്ചിരുന്നു. കാരാഗൃഹത്തിൽ കിടക്കു മ്പോൾ ''ക്രിസ്തുവിന്റെ പ്രവർത്തനങ്ങളെ''ക്കുറിച്ച് അവനു ലഭിക്കുന്ന അറിവ് അവന്റെ പ്രതീക്ഷയിൽ നിന്നു വ്യത്യസ്തമാണ്. അതിനാൽ ശിഷ്യന്മാരെ അയച്ച് അന്വേഷിക്കുകയാണ്. യേശു തന്നെയാണോ വരാനിരിക്കുന്നവൻ അതോ അവർ വേറൊരാളെ പ്രതീക്ഷിക്കണമോ? (11:2–3). ''വരാനിരിക്കുന്നവൻ'' മിശിഹായുടെ അപദാനമായി മനസ്സിലാക്കണമെന്നില്ല. പക്ഷേ, വരാനിരിക്കുന്ന രക്ഷകനെ സൂചിപ്പിക്കു ന്നു. (cf. സങ്കീ 118:26; മലാക്കി 3:1; മത്താ 3:11; 21:19; 23:39). അതിനാൽ സ്നാപകയോഹന്നാന്റെ ചോദ്യം യേശുവിന്റെ മിശിഹാത്വത്തെക്കുറിച്ചാണ്. യേശു ഉവ്വ് എന്നോ ഇല്ല എന്നോ വ്യക്തമായി പറ യുന്നില്ല. അഞ്ചു മുതൽ ഒൻപതു വരെയുള്ള അധ്യായങ്ങളിൽ സുവിശേഷകൻ അവതരിപ്പിച്ച തന്റെ പ്രവർത്തനത്തിന്റെ ഭാഗമായ രക്ഷാകരപ്രവൃത്തികളിലേക്കാണ് യേശു വിരൽ ചൂണ്ടുന്നത്. യേശു സ്നാപകനോട് ഇടർച്ചയ്ക്ക് വഴങ്ങരുതെന്നും വിശ്വാസം നഷ്ടപ്പെടുത്തരുതെന്നും പറയുന്നു.

**സ്നാപകയോഹന്നാന്റെ തനിമയും ദൗത്യവും (മത്തായി 11:7–19)**

യേശുവിന്റെ തനിമയെക്കുറിച്ചാണ് സ്നാപകയോഹന്നാൻ ചോദിച്ചത്. അദ്ദേഹത്തിന്റെ ശിഷ്യന്മാർ പോയശേഷം യേശു സ്നാപക യോഹന്നാനാന്റെ തനിമയെക്കുറിച്ച് ചോദ്യമുന്നയിക്കുന്നു (11:7 –9). യേശു ഒരു പ്രവാചകനായ യോഹന്നാനെ പ്രശംസിക്കുന്നു; യഥാർഥത്തിൽ, ഒരു പ്രവാചകനെക്കാൾ വലിയവനായിരുന്നു അദ്ദേഹം (11:9–10). നിയ 18:15ൽ ദൈവം ഉയർത്താനിരിക്കുന്ന, മോശയെപ്പോലുള്ള ഒരു പ്രവാചകനെക്കുറിച്ച് പറയുന്നുണ്ട്. സ്നാപകയോഹന്നാൻ മോശയെപ്പോലുള്ള പ്രവാചകനാണോ? യേശു ആ സൂചന നല്കുന്നതുപോലെ തോന്നുന്നു. യേശു യോഹന്നാനെ ഉടമ്പടിയുടെ സന്ദേശവാഹകനും, ദൈവത്തിന്റെ തന്നെ പ്രഘോഷകനുമായി അവതരിപ്പിക്കുന്നു (cf. മലാ 3:1; പുറ 23:20 = മത്താ 11:10).

യോഹന്നാനെക്കാൾ വലിയ മനുഷ്യർ (സ്ത്രീകളിൽ നിന്ന് ജനിച്ചവർ) ഇല്ല എന്ന് 11:11 ൽ യേശു പറയുന്നു, എന്നാൽ സ്വർഗരാജ്യത്തിൽ ചെറിയവരുടെ താഴെയാണ് അദ്ദേഹം. ചില പണ്ഡിതന്മാർ ''സ്വർഗരാജ്യത്തിൽ ചെറിയവൻ'' എന്ന പ്രയോഗം യേശുവിനെ സൂചിപ്പിക്കുന്നതായി മനസ്സിലാക്കാറുണ്ട്. അപ്പോൾ യേശുവിന് യോഹന്നാനെക്കാൾ വലുപ്പമുണ്ട് എന്നാണ് അർഥം. ''ചെറിയവൻ'' ഇപ്പോഴുള്ളതും ഭാവിയിൽ വരാനുള്ളതുമായ ശിഷ്യന്മാരെ സൂചിപ്പിക്കാം. യോഹന്നാൻ പുതിയ യുഗത്തിന്റെ വഴിത്തിരിവിലാണ് നില്ക്കുന്നതെങ്കിലും, പുതിയയുഗത്തിന്റെ ഫലങ്ങൾ അനുഭവിക്കുന്ന യേശുവിന്റെ ശിഷ്യന്മാർക്ക്, പഴയനിയമത്തിൽ ഉൾപ്പെട്ട യോഹന്നാനെക്കാൾ ആനുകൂല്യങ്ങൾ ഉണ്ട്.

11:12ന്റെ യഥാർഥ അർഥം തീരുമാനിക്കാൻ എളുപ്പമല്ല. മൂലഭാഷയിലെ രൂപംതന്നെ വ്യക്തമല്ല. ''ബലപ്രയോഗത്തിന് വിഷയമായിരിക്കുന്നു'' എന്ന് വിവർത്തനം ചെയ്യുന്ന ഗ്രീക്കു വാക്ക് തന്നെ ''ബലപ്രയോഗം നടത്തുക'' എന്ന അർഥത്തിലും മനസ്സിലാക്കാം. അതുപോലെ ''പിടിച്ചടക്കുക'' (11:12b) എന്ന വാക്ക് 'സ്വന്തമാക്കാൻ പിടിച്ചടക്കുക, എന്നോ 'മറ്റുള്ളവരിൽ നിന്നും തട്ടിയെടുക്കുക' എന്നോ മനസ്സിലാക്കാം. അതിനാൽ ഈ വാക്യം രണ്ടു വിപരീത രീതികളിൽ വ്യാഖ്യാനിക്കാം. 1. സ്വർഗരാജ്യം ചില കാര്യങ്ങൾ ആവശ്യപ്പെടുന്നു. സ്വയം ബലം പ്രയോഗിച്ചാലേ അതനുസരിച്ച് പ്രവർത്തിക്കാൻ സാധിക്കൂ. അതിനാൽ ബലം പ്രയോഗിച്ചാണ് സ്വർഗരാജ്യം കൈവശമാക്കുന്നത് എന്ന് പറയാം. 2. ബലം പ്രയോഗിക്കുന്ന എതിരാളികൾ /ശത്രുക്കൾ സ്വർഗരാജ്യം, അത് സ്വീകരിക്കുന്നവരിൽ നിന്നും തട്ടിയെടുക്കാൻ ശ്രമിക്കുന്നു (cf.23:13). ഇത് രണ്ടും സാധ്യമാണെങ്കിലും രണ്ടാമത്തേതാണ് കൂടുതൽ അനുയോജ്യമെന്ന് തോന്നുന്നു. യോഹന്നാനും (3:2) യേശുവും (4:17) ദൈവരാജ്യം പ്രസംഗിച്ചു. പക്ഷേ, ജനപ്രമാണികൾ രണ്ടുപേരെയും എതിർത്തു. യോഹന്നാന്റെ കാരാഗൃഹവാസം ദൈവരാജ്യത്തിനെതിരായുള്ള ഒരു പ്രവർത്തനമായി കണക്കാക്കാം. 23:13ൽ യേശു ഫരിസേയരുടെ ബലപ്രയോഗത്തെ കുറ്റപ്പെടുത്തുന്നുണ്ട്. അതിനാൽ ദൈവരാജ്യം ബലപ്രയോഗത്തിന് വിഷയമായിരിക്കുന്നു. ബലവാന്മാർ അത് സ്വീകരിക്കാൻ പോകുന്നവരിൽനിന്നും തട്ടിക്കൊണ്ടുപോകുന്നു.

ചന്തസ്ഥലത്തിരിക്കുന്ന കുട്ടികളുടെ ഉപമ യേശുവിന്റെ സമകാലികർ യോഹന്നാനോ യേശുവിനോ ശരിയായ പ്രത്യുത്തരം നല്കിയില്ല എന്ന് വിശദീകരിക്കുന്നു. യേശുവിന്റെ കാലത്തെ യഹൂദരെയാണ് രണ്ടു ഗ്രൂപ്പിലെയും കുട്ടികൾ പ്രതിനിധീകരിക്കുക. അവർ പരസ്പരം പ്രത്യുത്തരിക്കാൻ തയ്യാറല്ല. അതുപോലെ അവർ യോഹന്നാനും യേശുവും കൊണ്ടുവന്ന രക്ഷ സ്വീകരിക്കാൻ മടികാണിച്ചു. യോഗിയും പ്രവാചകനുമായ യോഹന്നാൻ പിശാചുബാധിതനാണെന്ന് അവർ പറഞ്ഞു. മതപരമായി അവഗണിക്കപ്പെട്ട വ്യക്തികളുമായി ബന്ധം പുലർത്തുകയും അവരോടൊപ്പം ഭക്ഷിക്കുകയും ചെയ്ത യേശു ഭോജനപ്രിയനും വീഞ്ഞുകുടിയനും ചുങ്കക്കാരുടെ സ്നേഹിതനുമാണെന്ന് അവർ പറഞ്ഞു. എന്നാൽ അവരുടെ തിരസ്കരണത്തിന് അതീതമായി ജ്ഞാനം നീതികരിക്കപ്പെടുന്നു. യോഹന്നാനും യേശുവും നീതികരിക്കപ്പെടുന്നു എന്നാണ് സാരം. 11:19ലെ ജ്ഞാനം ദൈവത്തിന്റെ രക്ഷാകരപദ്ധതിയെയും ജ്ഞാനത്തിന്റെ പ്രവൃത്തികൾ 11:2ൽ പറഞ്ഞിരിക്കുന്ന ക്രിസ്തുവിന്റെ പ്രവൃത്തികളെയുമാണ് സൂചിപ്പിക്കുന്നത്.

**അനുതപിക്കാത്ത നഗരങ്ങൾക്ക് ദുരിതം (മത്തായി 11:20–24)**

യേശു, വളർന്നുവരുന്ന എതിർപ്പും തിരസ്കരണവും അഭിമുഖീകരിക്കുന്നു. അവിടന്ന് ഏറ്റവും കൂടുതൽ അത്ഭുതങ്ങൾ പ്രവർത്തിച്ച ഗലീലിയിലെ നഗരങ്ങൾ അനുതപിച്ചില്ല. അതിനാൽ അവിടന്ന് ഈ നഗരങ്ങളുടെ മേൽ ദുരിതം പ്രഖ്യാപിക്കുന്നു (11:20–24). 'Q' ആണ് ഈ വചനങ്ങളുടെ ഉറവിടം. ലൂക്കാ 10:13–15ൽ സമാന്തരഭാഗമുണ്ട്.

ഗലീലിക്കടലിനു സമീപത്തുള്ള നഗരങ്ങളാണ് കൊറാസിനും ബെത്സയ്ദായും. കൊറാസിൻ കഫർണാമിൽ നിന്നും 5 കി.മീ. വടക്കാണ്. ബെത്സയ്ദാ കടലിന്റെ വടക്കെ തീരത്താണ്. ഇവ രണ്ടും തന്നോടു പ്രത്യുത്തരിക്കാതിരുന്നതിനാൽ യേശു അവയെ കുറ്റപ്പെടുത്തുകയും വിധി ദിവസം അവ

രുടെ സ്ഥിതി ടയർ, സീദോൻ എന്നീ നഗരങ്ങളെക്കാൾ കഷ്ടമായിരിക്കുമെന്ന് മുന്നറിയിപ്പ് നല്കുകയും ചെയ്യുന്നു.

ഗലീലിയിൽ യേശുവിന്റെ പ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്നു വിന്റെ ''സ്വന്തം നഗര'' മായ കഫർണാം. അക്കാരണത്താൽ ഈ നഗരത്തിന് താൻ വലുതാണെന്നും ആനുകൂല്യം ലഭിച്ചവളാണെന്നുമുള്ള മിഥ്യാബോധവും ഉണ്ടായിരുന്നു. കഫർണാമിന്റെ മേലുള്ള യേശുവിന്റെ വിധി (11:23ab) ഏശ 14:13-15ലെ വാക്കുകൾ ഉപയോഗിച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കഫർണാമിന്റെ അന്തിമവിധി ദുഷ്ടനഗരമായ സോദോമിനെക്കാൾ കഷ്ടമായിരിക്കും (11:24). ഇവിടെ സൂചിപ്പിച്ച വിജാതീയനഗരങ്ങളുടെ അനുതാപം, പിന്നീട് സദ്‌വാർത്ത സ്വീകരിക്കാനിരിക്കുന്ന വിജാതിയരുടെ മുന്നോടിയായിട്ടാണ് മത്തായി മനസ്സിലാക്കിയതെന്നു തോന്നുന്നു.

**ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലും മനുഷ്യന്റെ പ്രത്യുത്തരവും (മത്തായി 11:25-30)**

'യേശുവിനെ തിരസ്കരിക്കുന്ന ഇസ്രായേൽ' ആണ് പതിനൊന്നും പന്ത്രണ്ടും അധ്യായങ്ങളിലെ വിഷയം. യേശുവിന്റെ സമകാലികരും (11:16-19), യേശു പ്രവർത്തിച്ച നഗരങ്ങളും (11:20-24) അവിടത്തെ പുറംതള്ളുന്നു. യേശു യഹൂദപ്രമാണികളുമായി വിവാദം നടത്തുന്നു. അവരും യേശുവിനെ ഉപേക്ഷിക്കുന്നു (12:1-42). 11:25-30 ഇവയുടെ മധ്യേ വച്ചുകൊണ്ട് തിരസ്കരണത്തിന്റെയും സ്വീകരണത്തിന്റെയും വിഷയങ്ങളെ ബന്ധിക്കുന്നു.

ഘടനാപരമായി ഈ വാക്യങ്ങൾ മൂന്നുതരം വചനങ്ങൾ ഉൾക്കൊള്ളുന്നു. (1) ''കുഞ്ഞുങ്ങൾക്ക്'' വെളിപ്പെടുത്തിയതിന് യേശു പിതാവിനെ സ്തുതിക്കുന്നു. (11:25-26). (2) യേശുവിന്റെ അനന്യതയും വെളിപാടിന്റെ ഉള്ളടക്കവും (11:27). (3) യേശുവിന്റെ ക്ഷണം (11:28-30). 11:25 ൽ ''മറച്ചുവയ്ക്കുക'' ''വെളിപ്പെടുത്തുക'' എന്നീ വാക്കുകളിലൂടെ ''ബുദ്ധിമതികളും വിവേകമതികളും'' ''ശിശുക്കളും'' തമ്മിലുള്ള വൈരുധ്യം വ്യക്തമാക്കുന്നു. 11:27 പിതാവും പുത്രനും തമ്മിലുള്ള ഗാഢവും വ്യക്തിപരവുമായ ബന്ധം വിശദമാക്കുന്നു.

''ആ സമയം'' അതായത്, ഗലീലി തന്നെ തിരസ്കരിച്ചു എന്നറിഞ്ഞപ്പോൾ, യേശു സ്തുതിക്കാനും നന്ദി പറയാനുമായി പിതാവിലേക്ക് തിരിയുന്നു (11:25). ''സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥാ'' എന്ന അഭിസംബോധന യഹൂദപാരമ്പര്യത്തിൽ നിന്നാണെങ്കിൽ ''പിതാവേ'' എന്ന് ദൈവത്തെ വിളിക്കുന്ന രീതി യേശുവിന്റെ സവിശേഷതയാണ്. അത് ഗാഢമായ സ്നേഹബന്ധത്തെ സൂചിപ്പിക്കുന്നു. യഥാർഥത്തിൽ ''പിതാവ്'' 11:25-27-ൽ അഞ്ചു പ്രാവശ്യവും ''പുത്രൻ'' 11:27 ൽ മൂന്ന് പ്രാവശ്യവും പ്രത്യക്ഷപ്പെടുന്നു. ''ഇക്കാര്യങ്ങൾ'' അഥവാ രക്ഷണീയമായ വെളിപാട് പണ്ഡിതൻമാരിൽ നിന്നും മതനേതാക്കളിൽ നിന്നും മറച്ചുവെച്ചിട്ട് ''ശിശുക്കൾ''ക്ക് വെളിപ്പെടുത്തി ക്കൊടുത്തതിന് യേശു പിതാവിനെ സ്തുതിക്കുന്നു. ''ശിശുക്കൾ'' എന്നാൽ സാധാരണക്കാർ, വിദ്യാഭ്യാസമില്ലാത്തവർ, പാപികൾ, ദരിദ്രർ എന്നാണർഥം. അവർ യേശുവിനെയും അവിടത്തെ സന്ദേശത്തെയും സ്വീകരിച്ചു. 11:25ൽ പിതാവാണ് മറച്ചുവെയ്ക്കുന്നതും വെളിപ്പെടുത്തുന്നതും. എന്നാൽ അത് അവരുടെതന്നെ തിരസ്കരണം ആയിരുന്നു. പക്ഷേ, ചിലർ തിരസ്കരിക്കണമെന്നും വേറെ ചിലർ സ്വീകരിക്കണമെന്നുമായിരുന്നു ദൈവത്തിന്റെ തിരുവിഷ്ടം.

മത്താ 11:28-30 അധ്വാനിക്കുന്നവർക്കും ഭാരം വഹിക്കുന്നവർക്കുമുള്ള യേശുവിന്റെ ക്ഷണമാണ്. ഇവിടെ യേശു പഴയനിയമത്തിലെ മൂർത്തീഭാവമായ വിജ്ഞാനത്തെപ്പോലെ സംസാരിക്കുന്നു (പ്രഭാ 51:23-27). ഫരിസേയരുടെ നിയമങ്ങൾ അസ്സഹനീയമായ ഭാരമായി തീർന്നവരാണ് അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും. യേശു ഇത്തരം വ്യക്തികൾക്ക് വിശ്രമം വാഗ്ദാനം ചെയ്യുന്നു. 'വിശ്രമ'മെന്നാൽ ദൈവരാജ്യത്തിന്റെ ദാനവും രക്ഷയുടെ സൗഭാഗ്യവുമാണ്. റബ്ബിമാർ മോശയുടെ നിയമത്തെ സൂചിപ്പിക്കാൻ ചിലപ്പോൾ ''നുകം'' എന്ന വാക്ക് ഉപയോഗിച്ചിരുന്നു. 11:29ൽ അതേ പ്രതീകമാണ് യേശു, താൻ നല്കുന്ന നിയമത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. പക്ഷേ, യേശുവിന്റെ നിയമം ഒരു കൂട്ടം കല്പനകളല്ല, യേശു തന്നെയാണ്. പ്രസംഗിച്ച രാജ്യം എന്നതുപോലെ പഠിപ്പിച്ച പുതിയ നിയമവും യേശുവിൽ പൂർണമായി മൂർത്തീഭവിച്ചിരിക്കുന്നു. അതിനാൽ യേശുവിനെ അനുഗമിക്കുന്നവൻ നിയമങ്ങൾ പഠിക്കുകയല്ല, യേശുവിനെ പഠിക്കുകയാണ് വേണ്ടത്. യേശുവിനെ സ്വീകരിക്കലും അവിടത്തോടുള്ള വ്യക്തിപരമായ ബന്ധവുമാണ് ഭാരം കുറഞ്ഞ പുതിയ നിയമം.

**സാബത്തുദിവസം (മത്തായി 12:1-14)**

സാബത്തുദിവസത്തെക്കുറിച്ചുള്ള വിവാദങ്ങളാണ് ഇവിടെ (12:1-8). ആദ്യസംഭവം മർക്കോസും (മർക്കോ 2:23-28) ലൂക്കായും (ലൂക്കാ 6:1-5) രേഖപ്പെടുത്തുന്നുണ്ട്. പക്ഷേ, മത്തായി അത് വളരെ വിപുലീകരിച്ചിട്ടുണ്ട്. ഫരിസേയരുടെ വീക്ഷണത്തിൽ സാബത്തുദിവസം കതിരുപറിച്ച് ഭക്ഷിക്കുന്നത് കൊയ്യുന്നതിനു തുല്യമാണ്. കൊയ്യുക സാബത്തുദിവസം നിഷിദ്ധമായ പ്രവൃത്തിയാണ്. യേശു അവ

രോട് ഒരു കൂട്ടം വാദങ്ങൾ ഉന്നയിച്ച് മറുപടി പറയുന്നു. (1) ദാവീദും കൂട്ടുകാരും വിശന്നപ്പോൾ വിശുദ്ധ അപ്പം ഭക്ഷിച്ചു എന്ന (cf. ലേവ്യ 24:5-9) സാമുവേൽ 21:1-6ലെ വിവരണമാണ് ആദ്യത്തേത്. മത്തായി മാത്രമാണ് ശിഷ്യന്മാർക്ക് വിശപ്പുണ്ടായിരുന്നു എന്നു പറയുക (12:1). രണ്ടിലും ഒരു നിയമമോ അല്ലെങ്കിൽ ആചാരപരമായ ചട്ടമോ മാനുഷികമായ ആവശ്യം കാരണം ലംഘിക്കപ്പെടുന്നു. ഈ ആവശ്യമാകട്ടെ, വിശപ്പുമാണ്. ദാവീദിനും അനുചരന്മാർക്കും അത് ചെയ്യാമായിരുന്നെങ്കിൽ, ദാവീദിന്റെ പുത്രനും മിശിഹായുമായ യേശുവിന്റെ ശിഷ്യന്മാർക്ക് എത്രമാത്രം ചെയ്യാവുന്നതാണ് എന്നാണ് വാദം. (2) രണ്ടാമത്തെ വാദം മർക്കോസിന്റെ വിവരണത്തിൽ ഇല്ല. പുരോഹിതന്മാർക്ക് സാബത്തു ദിവസം ദൈവാലയത്തിലെ കർമങ്ങൾ നടത്താം. ഇതാകട്ടെ, അക്ഷരാർഥത്തിൽ സാബത്തുനിയമത്തിന്റെ ലംഘനവുമാണ്. ഈ പുരോഹിതന്മാർ കുറ്റം ചെയ്യുന്നില്ലെങ്കിൽ ''ദൈവാലയ''ത്തെക്കാൾ വലിയവനായ യേശുവിന്റെ ശിഷ്യന്മാർക്ക് എത്രയ്ക്ക് ചെയ്തുകൂടാ. (3) ''ഞാൻ ആഗ്രഹിക്കുന്നതു ബലിയല്ല കരുണയാണ്'' എന്ന ഹൊസിയാപ്രവാചകന്റെ വാക്കുകൾ (6:6)ആധാരമാക്കിയാണ് വാദം. ഇവിടെയൊക്കെ ഒരേ ഒരു വാദമാണ് ഉള്ളത്. മാനുഷികമായ ആവശ്യത്തിന്റെ മുമ്പിൽ യാതൊരു (സാബത്തുനിയമം, ദൈവാലയനിയമം, ബലിയർപ്പണ സംബന്ധമായ നിയമങ്ങൾ) നിയമവുമില്ല. (4) താൻ സാബത്തിന്റെയും നാഥനാണ് എന്ന് യേശു അവകാശപ്പെടുന്നു. യേശുവിന് മോശയുടെ നിയമങ്ങൾ വിശ്വാസയോഗ്യമായി വ്യാഖ്യാനിക്കുന്നതിന് അധികാരമുണ്ടെങ്കിൽ സാബത്തുനിയമം വ്യാഖ്യാനിക്കാനും അധികാരമുണ്ട്.

സാബത്തുദിവസം സൗഖ്യം നല്കുന്നതാണ് അടുത്തത്. ഫരിസേയരുടെ പാരമ്പര്യമനുസരിച്ച്, സാബത്തുദിവസം സൗഖ്യം നല്കാൻ മരിച്ചുപോകുമെന്ന അപകടം ഉണ്ടെങ്കിൽ മാത്രമേ പാടുള്ളൂയേശു ഒരു മറു ചോദ്യം ഉന്നയിച്ചാണ് മറുപടി നല്കുന്നത് (12:11). കിണറ്റിൽ വീഴുന്ന ആടിനെ സാബത്തുദിവസം ആരും രക്ഷിക്കും. മനുഷ്യൻ മൃഗത്തെക്കാൾ വിലയുള്ളവനാണ് എന്ന് ഫരിസേയരെ മനസ്സിലാക്കാനുള്ള ശ്രമമാണ് യേശു നടത്തുന്നത്. അതുപോലെ തന്നെ, നന്മ ചെയ്യുക എന്നത് സാബത്തു നിയമത്തിന് അതീതമായ കാര്യമാണെന്നും ഇത് വ്യക്തമാക്കുന്നു. ഹൊസിയ പ്രവാചകന്റെ വാക്കുകൾ ഇവിടെ ബാധകമാണ്.

**യേശു: അരൂപിയാൽ നിറഞ്ഞ ദാസൻ (മത്തായി 12:15–21)**

വളരുന്ന എതിർപ്പിനെക്കുറിച്ചും തന്നെ വധിക്കാനായി ഫരിസേയർ നടത്തുന്ന ഗൂഢാലോചനയെക്കുറിച്ചും യേശു ബോധവാനാണ്. അവിടന്ന് പിൻവാങ്ങുന്നു (12:15). പക്ഷേ, സൗഖ്യദാനപ്രവർത്തനം യേശു തുടരുന്നു. ''എല്ലാവരെയും'' (അനേകരെ'' അല്ല. മർക്കോ 3:10) യേശു സുഖപ്പെടുത്തുന്നു. മത്തായിയെ സംബന്ധിച്ചിടത്തോളം യേശുവിന്റെ ശക്തിക്ക് അതിരുകളില്ല. അത് എല്ലാവർക്കും ഉപയോഗപ്രദമാകണം.

സുവിശേഷത്തിലെ ഏറ്റവും നീളം കൂടിയ പഴയനിയമ വാക്യമായ ഏശ 42:1-4 ദാസനെക്കുറിച്ചുള്ള നാല് ഗീതങ്ങളിൽ ഒന്നാണ് (ഏശയ്യ 49:1-7; 50:4-9; 52:13-53:12). ഉദ്ധരണി ഹെബ്രായ രൂപത്തോട് ചേരുന്നില്ല. അതുപോലെ ഗ്രീക്കു രൂപത്തോടും. മത്തായി അത് വ്യത്യാസപ്പെടുത്തി യേശുവിന്റെ ജീവിതവുമായി ബന്ധിപ്പിച്ചു. യേശുവാണ് തിരഞ്ഞെടുക്കപ്പെട്ട ദാസനും ദൈവത്തിന്റെ പ്രിയ പുത്രനും (3:17). അരൂപിയാൽ നിറയപ്പെട്ടവനും വിജാതീയർക്കായി രക്ഷയുടെ ദൗത്യം അറിയിക്കുന്നവനുമാണ് യേശു. ഏശ 42:1-4 വ്യക്തമാക്കുന്നത്, ദാസനും പ്രിയപുത്രനുമായ യേശു വിജാതീയർക്ക് രക്ഷകൊണ്ടുവരുമെന്നും അവർ യേശുവിന്റെ നാമത്തിൽ ശരണം വയ്ക്കുമെന്നുമാണ്.

**യേശുവിന്റെ ശക്തിയുടെ ഉറവിടം (മത്തായി 12:22–37)**

യേശു ഒരു പിശാചുബാധിതനെ സുഖപ്പെടുത്തുന്ന സംഭവമാണ് വിവാദത്തിനു ആരംഭമിടുന്നത്. ജനക്കൂട്ടം ആശ്ചര്യപ്പെടുന്നു; ഫരിസേയർ യേശുവിന്റെ മേൽ കുറ്റാരോപണം നടത്തി. യേശു പിശാചുക്കളെ ബഹിഷ്കരിക്കുന്നത് പിശാചുക്കളുടെ അധിപനായ ബൽസബൂലിന്റെ സഹായത്തോടെയാണ് എന്നാണ് വിമർശനം.

ഫരിസേയരുടെ ദുരുദ്ദേശ്യങ്ങൾ അതിസ്വാഭാവിക അറിവുകൊണ്ട് യേശു മനസ്സിലാക്കുന്നു (cf മത്തായി 9:4; 12:15; 16:18; 22:18; 26:10 etc). മൂന്ന് വാദങ്ങളാണ് യേശു അവർക്കെതിരായി പറയുന്നത്. (1) ഒരു രാജ്യമോ, നഗരമോ, ഭവനമോ അന്തശ്ഛിദ്രമുണ്ടെങ്കിൽ നിലനില്ക്കില്ല. അതുപോലെതന്നെ, സാത്താൻ സ്വന്തക്കാരെ തനിക്കെതിരായി നിറുത്തിയാൽ അവന്റെ രാജ്യം നശിച്ചു പോകും. അതിനാൽ യേശുവിന്റെ ശക്തി സാത്താനിൽ നിന്നല്ല (12:25-26). (2) ഫരിസേയർതന്നെ നടത്തുന്ന പിശാചുബഹിഷ്കരണം വിലയിരുത്താനുള്ള വെല്ലുവിളിയാണ് രണ്ടാംവാദം. യേശുവിന്റെ പ്രവൃത്തി വിമർശിക്കുന്ന അവർ പിശാചുക്കളെ ബഹിഷ്കരിക്കാൻ വേണ്ടി നടത്തുന്ന നീണ്ട കർമാദികൾ എങ്ങനെ വിശദീകരിക്കും? (1:27). (3) മൂന്നാമത്തേത് യേശുവിന്റെ എല്ലാ അത്ഭുതങ്ങളും വിശദീകരിക്കുന്നു. ''ദൈവാ

ത്മാവിനെക്കൊണ്ടാണ് ഞാൻ പിശാചുക്കളെ ബഹിഷ്കരിക്കുന്നതെങ്കിൽ ദൈവരാജ്യം നിങ്ങളിൽ വന്നു കഴിഞ്ഞിരിക്കുന്നു'' (12:28).

യേശു പിശാചുക്കളെ ബഹിഷ്കരിക്കുന്നത് ദൈവത്തിന്റെ അരൂപികൊണ്ടാണ്; ബൽസബൂലിന്റെ സഹായത്തോടെ അല്ല. യേശുവിന്റെ അത്ഭുതങ്ങൾ ദൈവരാജ്യവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ദൈവരാജ്യം പൊട്ടിവിടരുന്നതിന്റെ സൂചനകളാണവ. യേശുവിന്റെ പിശാചു ബഹിഷ്കരണപ്രവൃത്തികൾ ദൈവത്തിനെതിരെ നില്ക്കുന്ന സാത്താന്റെ മേൽ ആധിപത്യം നേടുന്നതിന്റെ അടയാളങ്ങളാണ്. അത് ദൈവത്തിന്റെ രക്ഷയുടെ പ്രകടനവും യാഥാർഥ്യമാകലുമാണ്. 12:26 ലെ ഉപമ ദൈവവും സാത്താനും തമ്മിലുള്ള എതിർപ്പും യുദ്ധവും ആണ് വ്യക്തമാക്കുന്നത്.

ഫരിസേയർക്കെതിരായ ഈ വാദങ്ങൾ ഉന്നയിച്ചശേഷം യേശു അവരെ മൂന്നു മുന്നറിയിപ്പുകൾ നല്കി കുറ്റപ്പെടുത്തുന്നു. (1) തീരുമാനമെടുക്കാത്തവരെയും സമർപ്പിതരല്ലാത്തവരേയും യേശുവിന് ആവശ്യമില്ല. യേശുവിനോട് ചേരണമെങ്കിൽ, വ്യക്തമായി യേശുവിനുവേണ്ടി തീരുമാനിക്കണം. (2) രണ്ടാമത്തേത്, ക്ഷമിക്കപ്പെടാത്ത പാപമായ, പരിശുദ്ധാത്മാവിനെതിരായ പാപത്തെക്കുറിച്ചാണ് (12:31 –32). പരിശുദ്ധാത്മാവിന്റെ പ്രവൃത്തി, അശുദ്ധാരൂപിയിൽ ആരോപിക്കുന്നതാണ് ക്ഷണിക്കപ്പെടാത്ത പാപം. (3) വിധി ദിവസത്തിൽ മനുഷ്യൻ അശ്രദ്ധയോടെ പറയുന്ന ഓരോ വാക്കിനും ഉത്തരം പറയേണ്ടിവരും. ഹൃദയത്തിന്റെ മനോഭാവം വെളിപ്പെടുത്തുന്ന വാക്കുകളെ ആശ്രയിച്ചായിരിക്കും ഒരു വ്യക്തിയുടെ രക്ഷ അല്ലെങ്കിൽ ശിക്ഷ (12:34-35).

**യോനായുടെ അടയാളം (മത്തായി 12:38-45)**

നിയമജ്ഞർ ഫരിസേയരോട് ചേർന്ന് യേശുവിൽ നിന്ന് ഒരു അടയാളം ആവശ്യപ്പെടുന്നു (cf. മത്താ 16:1-4 ''സ്വർഗ്ഗത്തിൽ നിന്ന് അടയാളം''). ദൈവം അവർക്ക് ഒരടയാളവും നൽകു കയില്ല (''നല്കപ്പെടുകയില്ല'' എന്നത് Divine Passive ആണ്. ദൈവമാണ് കർത്താവ്). അവിടന്ന് അവർക്കു നല്കുന്നത് യോനായുടെ അടയാളം മാത്രമാണ്. യോനായുടെ അടയാളം എന്താണ്? വിജാതീയരോടുള്ള പ്രവാചകന്റെ പ്രസംഗവും അവരുടെ മാനസാന്തരവുമാണ് ഈ അടയാളം (ലൂക്കാ 11:30-32). മത്താ 12:41ൽ ഇതാണ് അർഥമെങ്കിലും 12:40ൽ സുവിശേഷകൻ ഒരു വ്യാഖ്യാനം കൂട്ടിച്ചേർത്തിട്ടുണ്ട്. യോനാ മൂന്നു പകലും മൂന്നു രാത്രിയും തിമിംഗലത്തിന്റെ ഉദരത്തിൽ കഴിഞ്ഞതുപോലെ മനുഷ്യപുത്രൻ ഭൂമിക്കുള്ളിലായിരിക്കും. ഈ വ്യാഖ്യാനം മുൻപു പറഞ്ഞതിനെക്കാൾ പ്രധാനമല്ല. യോനായെക്കുറിച്ചുള്ള പരാമർശം ആദ്യം ഉപയോഗിച്ചത് യഹൂദരുടെ വിശ്വാസമില്ലായ്മയുടെ വലുപ്പം വിജാതീയരുടെ വിശ്വാസവുമായി താരതമ്യപ്പെടുത്തി അവതരിപ്പിക്കാനാണ്. പ്രവാചകനായ യോനാ നിനവേ നിവാസികളോട് പ്രസംഗിച്ചു. അവർ സന്ദേശം സ്വീകരിച്ചു. വിശ്വസിച്ചു. പ്രവാചകരുടെ പൂർത്തീകരണമായി വന്ന യേശു യഹൂദരോട് പ്രസംഗിച്ചു. പക്ഷേ, ഫലമുണ്ടായില്ല.

12:42ലെ ദക്ഷിണദേശത്തെ രാജ്ഞിയെക്കുറിച്ചുള്ള പരാമർശം 12:41ലെ യോനായെക്കുറിച്ചുള്ള വാക്യത്തിന് സമാന്തരമാണ്. യേശു യോനായെക്കാളും, സോളമനെക്കാളും വലിയവനാണ്. ദാവീദിന്റെ പുത്രനും ജ്ഞാനിയുമായ സോളമൻ പഴയനിമയത്തിലെ വിജ്ഞാനസാഹിത്യത്തിന്റെ സ്രോതസ്സാണ് എന്നു പറയാറുണ്ട്. ദാവീദിന്റെ പുത്രനും വിജ്ഞാനം തന്നെയുമായ യേശു സോളമനെക്കാളും വലിയവനാണ്. യഹൂദർ യേശുവിൽ യോനായെക്കാളും സോളമനെക്കാളും വലിയവനായ വ്യക്തിയെ കാണാതിരുന്നതിനാൽ നിയമജ്ഞരുടെയും ഫരിസേയരുടെയും പാപം കാഠിന്യമേറിയതാണ്.

യേശു പിശാചുക്കളെ ബഹിഷ്കരിക്കുമ്പോൾ ദൈവരാജ്യത്തിന്റെ സാന്നിധ്യവും പ്രവർത്തനവുമാണ് വ്യക്തമാകുന്നത്. അതിനാൽ പിശാചുബാധയിൽ നിന്ന് സൗഖ്യം പ്രാപിക്കുന്ന വ്യക്തികൾ ദൈവരാജ്യത്തിന്റെ ശക്തിയാൽ നിറയപ്പെടണം. ദുഷ്ടാരൂപികളുടെ സ്ഥാനത്ത് ദൈവാരൂപി വരുന്നില്ലെങ്കിൽ ഈ പ്രവർത്തനത്തിന് അർഥമില്ല.

**യേശുവിന്റെ യഥാർഥ കുടുംബം (മത്തായി 12:46 -50)**

യേശുവിന്റെ ശിഷ്യന്മാർ വിശ്വസിക്കാത്ത ജനക്കൂട്ടത്തിന്റെയും (11:16-24) എതിരാളികളായ നിയമജ്ഞരുടെയും ഫരിസേയരുടെയും (12:1-14; 22-42) എതിർവശത്ത് നില്ക്കുന്നു. ജനങ്ങളുടെ മതപ്രമാണികൾ ''കരുണയെക്കാൾ ബലിയ്ക്ക്'' (മത്താ 12:1-14) പ്രാധാന്യം കൊടുക്കുന്നതിനാൽ ദൈവഹിതം അനുഷ്ഠിക്കുന്നില്ല. മറിച്ച് ശിഷ്യന്മാർ പിതാവിന്റെ ഹിതം അനുഷ്ഠിക്കുന്നവരാണെന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നു (12:46-50). ദൈവഹിതം നിറവേറ്റുന്ന ശിഷ്യന്മാരാണ് യേശുവിന്റെ യഥാർഥ കുടുംബാംഗങ്ങൾ.

മർക്കോസിന്റെ വിവരണത്തിലെ വ്യത്യാസം ശദ്ധിക്കുന്നത് നല്ലതാണ്. യേശു തന്റെ ചുറ്റും ഇരിക്കുന്നവരെ (ജനക്കൂട്ടം? മർക്കോ 3:32) നോക്കിയിട്ട് അവരാണ് തന്റെ കുടുംബമെന്ന് പറയുന്നു (മർക്കോ 3:34). മത്തായിയുടെ വിവരണത്തിൽ ശിഷ്യന്മാരെയാണ് യേശുവിന്റെ കുടുംബമായി അവത

രിപ്പിക്കുന്നത്. യേശുവിന്റെ വിളിക്ക് പ്രത്യുത്തരം നല്കുകയെന്നത് കുടുംബബന്ധങ്ങളിൽ നിന്നുള്ള വിഛേദനം ആവശ്യപ്പെടുന്നു. (cf. മത്താ 4:22; 8:22; 10:37). ദൈവഹിതത്തോടുള്ള അനുസരണമാണ് യേശുവിന്റെ യഥാർഥ കുടുംബത്തിൽ അംഗത്വം ഉറപ്പുവരുത്തുന്നത്.

## ഉപമകളുടെ പ്രഭാഷണം (13:1–58)

മർക്കോസിന്റെ സുവിശേഷത്തിൽ കാണുന്നതും അല്ലാത്തതുമായ 7 ഉപമകളാണ് ഈ അധ്യായ ത്തിലുള്ളത്. ദൈവരാജ്യത്തിന്റെ വിവിധ വശങ്ങളാണ് ഈ ഉപമകൾ അവതരിപ്പിക്കുന്നത്. ആദ്യ ഉപമ യിൽ യേശുവാണ് വിതക്കാരൻ. ''വചന''മാണ് വിത്ത്. ''ചെവിയുള്ളവൻ കേൾക്കട്ടെ'' എന്നു പറ ഞ്ഞാണ് യേശു ഉപമ അവസാനിപ്പിക്കുന്നത്. ഇത് വായനക്കാരന് ഒരു മുന്നറിയിപ്പും അതുപോലെ തന്നെ വെല്ലുവിളിയുമാണ്. ഉപമയിലൂടെ യേശു തന്റെ സാന്നിധ്യത്തിന്റെ നിർണായകത അറിയിച്ചു. തീരുമാനമെടുക്കേണ്ടത് ശ്രോതാക്കളാണ്. ജീവനും മരണവും തമ്മിലാണ് തെരഞ്ഞെടുപ്പ്.

വിശദീകരണത്തിലേയ്ക്കു വരുമ്പോൾ വിത്തിനും 'വിതക്കാരനുമല്ല പ്രാധാന്യം, മറിച്ച് വിത്ത് വീഴുന്ന സ്ഥലത്തിനാണ്. വചനത്തെ സ്വീകരിക്കുന്നതിന് പ്രധാനമായി ഉണ്ടായിരിക്കേണ്ട മനോഭാവം ''കേൾക്കുക'' ''മനസ്സിലാക്കുക'' എന്നതാണ്. ''കേൾക്കുക'' ''മനസ്സിലാക്കുക'' എന്നീ പ്രയോഗങ്ങൾ ശിഷ്യത്വം വിവരിക്കാൻ മത്തായി ഉപയോഗിക്കുന്നവയാണ്. (13:9,10,17,43,51). കേൾക്കുന്ന വ്യക്തി ശ്രവി ക്കപ്പെടുന്ന കാര്യത്തിലേയ്ക്ക് തന്റെ ശ്രദ്ധ മുഴുവനും കേന്ദ്രീകരിക്കുമ്പോൾ ''കേൾക്കുന്നു''. ''മനസ്സി ലാക്കുക'' എന്ന ക്രിയയെ സൂചിപ്പിക്കുന്ന ഗ്രീക്കുവാക്കാണ് ''സുനിയേമി'' (Syniemi). ''ഒന്നിച്ചായി രിക്കുക'' എന്നതാണ് ഇതിന്റെ വാച്യാർഥം. മനസ്സിലാക്കുന്ന വ്യക്തി മനസ്സിലാക്കപ്പെടുന്നതുമായി (വ്യക്തി, വസ്തു) താദാത്മ്യം പ്രാപിക്കുന്നു എന്നു സാരം.

മത്തായി മാത്രമേ കളകളുടെ ഉപമ രേഖപ്പെടുത്തിയിട്ടുള്ളൂ. മത്തായിയുടെ സമൂഹത്തിന്റെ പശ്ചാത്തലം വിശദമാക്കുന്നതാണീ ഉപമ. ആദിമക്രൈസ്തവ സമൂഹങ്ങളിലെ, വിശേഷിച്ച് മത്തായി യുടെ സമൂഹത്തിലെ പരിതഃസ്ഥിതിയായിരുന്നു യഥാർഥ വിശ്വാസികളും അല്ലാത്തവരും ഒന്നിച്ച് ജീവി ക്കുക എന്നത്. തീക്ഷ്ണമതികളായ വ്യക്തികൾ ഉടൻതന്നെ ശുദ്ധീകരണം നടത്താൻ ആഗ്രഹിച്ചിരു ന്നു. അവർക്ക് യേശുവിന്റെ മനോഭാവം വിശദമാക്കിക്കൊടുക്കുകയായിരുന്നു സുവിശേഷകൻ.

ദൈവരാജ്യത്തിന് രണ്ടുവശങ്ങൾ - ഈ ലോകവുമായി ബന്ധമുള്ള വശവും, യുഗാന്ത സംബ ന്ധമായ വശവും - ഉണ്ട് എന്ന് വ്യക്തമാകുന്നു. യുഗാന്തത്തിലാണ് ദൈവം വിധിക്കുന്നത്. അതുവരെ നെല്ലും കളയും ഒന്നിച്ചു വളരുന്നതിന് അനുവദിക്കുവാനുള്ള ക്ഷമയും കാരുണ്യവും ദൈവത്തിനുണ്ട്. പക്ഷേ, അന്ത്യത്തിൽ കളകൾ നശിപ്പിക്കപ്പെടും. ശക്തനായ വിധിയാളന്റെയും കലവറയില്ലാത്ത കാരു ണ്യവാന്റെയും ചിത്രങ്ങൾ ഇവിടെ പരസ്പരം കോർത്തിണക്കിയിരിക്കുന്നു. ക്രൈസ്തവൻ ജീവിച്ച് ഫലം പുറപ്പെടുവിക്കേണ്ട സാഹചര്യവും ഇത് വിശദീകരിക്കുന്നു.

കടുകുമണി ഏറ്റവും ചെറിയ വിത്താണ്. എന്നാൽ അതു വളരുമ്പോൾ ഒരു ''വൃക്ഷ'' മായി മാറുന്നു. ആരംഭവും അവസാനവും തമ്മിലുള്ള അന്തരമാണ് ശ്രദ്ധേയം. ഇവ രണ്ടിന്റെയും മധ്യത്തിൽ ഒരു വളർച്ചയുടെ ചരിത്രവും പ്രക്രിയയുമുണ്ട്. കടുക് സാധാരണ മുളച്ച് വൃക്ഷമാകാറില്ല; കുറ്റിച്ചെടി യായിട്ടേ അതു വളരുകയുള്ളൂ. വൃക്ഷമായി വളരുന്നതിനെക്കുറിച്ചു പറയാനുള്ള പശ്ചാത്തലം പഴയനി യമമാണ് (സങ്കീ 104:12; ദാനി: 4:9–18; എസെ 17:23;31.6). ഇതുപോലെ പുളിപ്പിക്കാൻ മാവിൽ കുഴ യ്ക്കുന്ന പുളിപ്പ് സാവധാനം മാവിനെ മുഴുവൻ പുളിപ്പിക്കുന്നു. മുഴുവൻ പുളിക്കുന്നതുവരെയുള്ള പുളിക്കുന്ന പ്രക്രിയയും വളർച്ചയുമാണ് വിഷയം. അപ്പോൾ ആരംഭത്തിൽ ചെറുതും അതുപോലെ തന്നെ സർവവ്യാപകമല്ലാത്തതുമായ ദൈവരാജ്യത്തിന് അന്തിമഘട്ടത്തിൽ എത്തുമ്പോൾ അടിസ്ഥാന പരമായി വ്യത്യാസം വരും എന്നാണ് അർഥം.

ദൈവരാജ്യത്തിന്റെ അളവുകൾക്കതീതമായ വിലയാണ് മത്തായിയുടെ സുവിശേഷത്തിൽ മാത്ര മുള്ള നിധിയുടെയും രത്നത്തിന്റെയും രണ്ട് ഉപമകളിലും അവതരിപ്പിച്ചിരിക്കുന്നത്. നിധിയും രത്നവും കണ്ടെത്തുന്നവർ തങ്ങൾക്കുള്ളതെല്ലാം വില്ക്കുന്നു. ''കണ്ടെത്തൽ'' പുതിയ വെളിപാടിനു തുല്യമാണ്. ദൈവരാജ്യം വെളിപ്പെടുത്തപ്പെട്ടാൽ പിന്നെ മനുഷ്യന്റെ ജീവിതം വിപ്ലവത്തിന് അധീനമാ കുന്നു. ദൈവരാജ്യത്തിന്റെ ഈ സവിശേഷതയോടൊപ്പം മനുഷ്യന്റെ പ്രത്യുത്തരത്തിന്റെ മാതൃകയും ഇവിടെ കൊടുത്തിരിക്കുന്നു. പുതിയ വെളിപാട് ഉൾക്കൊള്ളാനുള്ള തുറവിയും, ഉള്ളതുമുഴുവൻ അതിനെപ്രതി വില്ക്കാനുള്ള വിശ്വാസവും അത് കൈവശമാക്കാനുള്ള ആഴമുള്ള സ്നേഹവും മനു ഷ്യനു വേണം. യേശുവിന്റെ മുമ്പിൽ മറ്റ് യാതൊന്നിനും അർഥവും വിലയുമില്ല. യേശുമാത്രം മതി എന്ന നിലയിലേയ്ക്ക് ശിഷ്യർ നീങ്ങുന്നു.

വലയുടെ ഉപമയും മത്തായിയുടെ സുവിശേഷത്തിൽ മാത്രമേ ഉള്ളൂ. വലയുടെ ഉപമയിൽ നല്ലതും ചീത്തയും വേർതിരിക്കപ്പെടുന്ന പ്രക്രിയയാണ് നിർണായകഘടകം. യുഗാന്തത്തിലെ വിധി

യെക്കുറിച്ചാണ് പ്രതിപാദനം. ഇത് ദൈവരാജ്യത്തിന്റെ മറ്റൊരുവശമാണ്. ഈ ലോകത്തുതന്നെ യാഥാർഥ്യമാക്കപ്പെടുന്ന വശത്തോടൊപ്പം ഭാവിയിൽ മാത്രം സാക്ഷാത്കരിക്കപ്പെടുന്ന മറ്റൊരു വശം കൂടി ഇതിനുണ്ട്. അതാണ് ഇവിടെ അടിവരയിട്ടുകാണിക്കുന്നത്. ജറെ 16:16ൽ ദൈവം മീൻപിടിത്ത ക്കാരെ കൊണ്ടുവരുന്ന കാര്യം പറയുന്നുണ്ട്. ഈ വാക്യങ്ങളുടെയും പശ്ചാത്തലം വിധിയാണ്.

സ്വന്തം ഗ്രാമത്തിൽ വന്ന് പഠിപ്പിക്കുന്ന യേശുവിന്റെ വിജ്ഞാനവും അവിടത്തെ മാനുഷികമായ ഉത്ഭവത്തിന്റെ എളിയ സാഹചര്യവും തമ്മിൽ പൊരുത്തപ്പെടുത്താൻ കഴിയാതെ നാട്ടുകാർ വിഷമിക്കുന്നു. ആ വിഷമം ഇടർച്ചയായി രൂപം പ്രാപിക്കുന്നു. അവർക്ക് യേശുവിൽ വിശ്വാസം വരുന്നില്ല. അവർ യേശുവിനെ തിരസ്കരിക്കുന്നു. ''ഇടർച്ചയുണ്ടാകുക'' - തിരസ്കരിക്കുന്നതിനു തുല്യമാണ്. അവരുടെ വിശ്വാസമില്ലായ്മ തന്നെയാണ് അവരുടെ ''ഇടർച്ച''; അതുതന്നെയാണ് തിരസ്കരണവും (മത്താ 26:32 -35 ഉം കാണുക) ഫലമോ? രക്ഷയുടെ വൻകാര്യങ്ങൾ അവിടെ നടക്കുന്നില്ല.

## സുവിശേഷത്തിലെ നാലാം പുസ്തകം

യേശുവിനോടുള്ള എതിർപ്പ് ഒരുവശത്ത് വളരുമ്പോൾ, മറുവശത്ത് യേശുവിനെ സ്വീകരിക്കുന്നവരുടെ സമൂഹം സ്ഥിരീകരിക്കപ്പെടുന്നു. അപ്പം വർധിപ്പിക്കുന്ന രണ്ടു സംഭവങ്ങൾ, വെള്ളത്തിനുമീതെ നടക്കുന്നത്, കാനാൻകാരിയുടെ വിശ്വാസപ്രകടനം, യേശുവിന്റെ പ്രവർത്തനങ്ങളുടെ രണ്ട് സംക്ഷിപ്തവിവരണങ്ങൾ, പത്രോസിന്റെ വിശ്വാസ പ്രഖ്യാപനം എന്നിങ്ങനെ സമൂഹത്തിന്റെ വളർച്ചയും സ്ഥിരീകരണവും സംബന്ധിച്ചവയാണ് ഈ ഭാഗത്തെ പ്രധാന വിവരണങ്ങൾ.

ഈ വിവരണങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് വിവിധ വ്യക്തികളാണ്: യേശു, യേശുവിനെ പിൻതുടരുന്ന ജനക്കൂട്ടം, ശിഷ്യന്മാർ, രോഗികൾ, നിയമജ്ഞർ, ഫരിസേയർ, സദുക്കായർ, കാനാൻകാരി. സംഭവങ്ങളെ ആറു പ്രമേയങ്ങളായി തിരിക്കാം. 1) അപ്പം വർധിപ്പിച്ച് ജനക്കൂട്ടത്തെ തീറ്റിപ്പോറ്റുന്ന രണ്ടുസംഭവങ്ങൾ 2) ജലത്തിനുമീതെ നടക്കുന്നു 3) യേശുവിനെ പ്രഖ്യാപിക്കുന്ന ശിഷ്യന്മാർ (രണ്ടു പ്രാവശ്യം) 4) രണ്ട് സംക്ഷിപ്തവിവരങ്ങൾ 5) വിജാതീയയായ സ്ത്രീയുടെ വിശ്വാസം 6) വിവാദങ്ങൾ.

### അപ്പം വർധിപ്പിക്കൽ (14:13-21; 15:32-39)

അഞ്ച് അപ്പംകൊണ്ട് അയ്യായിരംപേരെ തീറ്റിപ്പോറ്റുന്ന സംഭവത്തിന് എല്ലാ സുവിശേഷങ്ങളിലും സമാന്തരഭാഗങ്ങൾ ഉണ്ട്. (മർക്കോസ് 6:30-44; ലൂക്കാ 9:10-17; യോഹ 6:1-14). എന്നാൽ ഏഴ് അപ്പം കൊണ്ട് 4000 പേരെ തീറ്റിപ്പോറ്റിയ സംഭവത്തിന് മർക്കോസിൽ മാത്രമേ സമാന്തരവിവരണമുള്ളൂ (8:1-10). പഴയനിയമത്തിൽ പുറപ്പാടിന്റെ വേളയിൽ ദൈവം ഇസ്രായേൽ ജനത്തെ മന്നാകൊണ്ട് തീറ്റിപ്പോറ്റിയതും (പുറ: 16) ഏലിയാ പ്രവാചകൻ 100 മനുഷ്യരെ തീറ്റിപ്പോറ്റിയതും (2 രാജാക്കന്മാർ 4:42 -44) ഈ സംഭവത്തിന്റെ പശ്ചാത്തലമാണ്. ദൈവം ഇസ്രായേൽ ജനത്തെ തീറ്റിപ്പോറ്റിയതുപോലെ പുതിയ പുറപ്പാടിന്റെ പശ്ചാത്തലത്തിൽ ദൈവത്തിന്റെ നിർണായക സാന്നിധ്യമായി യേശു പുതിയ ജനത്തെ തീറ്റിപ്പോറ്റുന്നു.

മത്തായിയുടെ വിവരണത്തിൽ കാരുണ്യം പ്രകടിപ്പിക്കുന്ന യേശുവിന്റെ ചിത്രം പ്രധാനപ്പെട്ടതാണ്. ഇത് രണ്ടിനും ബാധകമാണ്. രണ്ടാമത്തേതിൽ ഈ അനുകമ്പയുടെ ഫലമായിത്തന്നെയാണ് അത്ഭുതം നടക്കുന്നത്. യേശു അധ്വാനിക്കുന്നവരുടെയും ഭാരം വഹിക്കുന്നവരുടെയും എല്ലാ രോഗികളുടെയും രക്ഷകനാണ്. അവിടന്ന് ആതിഥേയനാണ്. സ്വന്തം അധികാരം പങ്കുവയ്ക്കുന്ന, സമൂഹത്തിന്റെ നാഥനാണ്. ഇതിലൂടെ ക്രിസ്തു വിജ്ഞാനീയമാണ് വെളിപ്പെടുത്തുന്നത്. മത്തായിയുടെ സമൂഹത്തിനും സന്ദേശമുണ്ട്. ''അൽപവിശ്വാസ''ത്തിന് ക്രൈസ്തവജീവിതത്തിൽ സ്ഥാനമില്ല. ശിഷ്യന്മാർ സംശയിക്കാതെ യേശുവിന്റെ സർവശക്തിയിൽ ആശ്രയിക്കുമ്പോൾ സൗഖ്യം സാധിതമാകുന്നു. അവിശ്വാസം ഇല്ലാതാക്കി ദൈവത്തിന്റെ ശക്തിയിലേക്ക് ജീവിതം ഏൽപ്പിച്ചുകൊടുക്കുമ്പോഴാണ് ക്രൈസ്തവസമൂഹത്തിൽ അത്ഭുതവും അപ്പം വർധനവും നടക്കുന്നത്.

കൂടാതെ രണ്ടു വിവരണങ്ങളിലും ദിവ്യകാരുണ്യത്തിന്റെ പ്രമേയം ഉൾക്കൊണ്ടിട്ടുണ്ട്. സഭയുടെ പശ്ചാത്തലത്തിലുള്ള പുനർവ്യാഖ്യാനത്തിന്റെ തലത്തിലായിരിക്കണം ഈ വിഷയം വിവരണഭാഗമായത്. ''ആശീർവദിച്ച്, മുറിച്ചു നല്കി'' എന്ന പ്രയോഗം പെസഹാ ആഘോഷവേളയിൽ, അന്ത്യ അത്താഴസമയത്ത് ഉപയോഗിക്കപ്പെടുന്നുണ്ട്. ക്രൈസ്തവസമൂഹത്തിന്റെ കൂട്ടായ്മയുടെ അടിസ്ഥാനമാണല്ലോ ദിവ്യകാരുണ്യം. ഈ സമൂഹം ദിവ്യകാരുണ്യസമൂഹമായിട്ടാണ് സ്ഥിരീകരിക്കപ്പെടുന്നത്.

### വെള്ളത്തിനുമീതെ നടക്കുന്നു (14:22–27)

മർക്കോസും (6:45–52) യോഹന്നാനും (6:15–21) ഈ സംഭവം വിവരിക്കുന്നുണ്ട്. പക്ഷേ, അവസാനഭാഗത്ത് പത്രോസ് ജലത്തിനുമീതെ നടക്കുന്ന സംഭവം മത്തായി മാത്രമേ അവതരിപ്പിക്കുന്നുള്ളൂ. കൊടുങ്കാറ്റിനെ ശമിപ്പിക്കുന്ന സംഭവത്തിൽ (8:23–27) യേശു വഞ്ചിയിൽ ശിഷ്യന്മാരോടൊപ്പമുണ്ട്. പക്ഷേ, ഇവിടെയാകട്ടെ, യേശു അവരുടെ കൂടെയില്ല. അവർ ഒറ്റയ്ക്കാണ് തുഴയുന്നത്. സഭയുടെ ഉത്ഥാനത്തിനുശേഷമുള്ള പശ്ചാത്തലമാണ് ഇവിടെ പ്രതീകാത്മകമായി അവതരിപ്പിക്കപ്പെടുന്നത്. അവർ അന്ധകാരത്തിൽ, അലമാലകളിൽ ഇളകിമറിയുന്ന തോണിയിലാണ്. ഇതു പഴയനിയമത്തിലെ പ്രമേയമാണ്. (ഉത്പ 1:2, സങ്കീ 18:4; 42:7; 69:2; 88:7). ജലങ്ങളുടെമേൽ ആധിപത്യമുള്ളവനായി വെള്ളത്തിനുമീതെ നടന്നുവരുന്ന യേശു ദൈവത്തിന്റെ പ്രത്യക്ഷപ്പെടലാണ് (സങ്കീ 77:17). യേശുവിന്റെ സാന്നിധ്യം തിരിച്ചറിയാൻ സാധിക്കാത്ത ശിഷ്യന്മാർ കൂടുതൽ ആകുലചിത്തരും ഭയമുള്ളവരുമായി ത്തീരുന്നു. അപ്പോഴാണ് യേശു സ്വയം വെളിപ്പെടുത്തുന്നത്. ''ധൈര്യമായിരിക്കുവിൻ. ഞാനാണ്. ഭയപ്പെടേണ്ട'' എന്നാണ് യേശു പറയുന്നത്. ദൈവത്തിന്റെ പ്രത്യക്ഷീകരണവേളയിലെല്ലാം ആവർത്തിക്കപ്പെടുന്ന ഒന്നാണ് ''ഭയപ്പെടേണ്ട'' എന്ന ഉറപ്പ് (ന്യായാ 6:23; ദാനി 10:12; ലൂക്കാ 1:13.30) അതിന്റെകൂടെ യേശു പ്രഖ്യാപിക്കുന്ന 'ഞാനാണ്' എന്ന വാചകം പഴയനിയമത്തിൽ കർത്താവായ ദൈവം സ്വയം വെളിപ്പെടുത്താൻ ഉപയോഗിക്കുന്നതാണ് (ഗ്രീക്കുഭാഷയിൽ 'ഏഗോ എയ്മി' = “ego eimi''). ദൈവം മോശയ്ക്കു പ്രത്യക്ഷപ്പെട്ട് യഹൂദജനതയുടെ കഷ്ടപ്പാടിൽനിന്ന് അവരെ രക്ഷിക്കാനുള്ള തീരുമാനമറിയിക്കുമ്പോൾ ഉപയോഗിക്കുന്നത് ഈ പ്രയോഗമാണ് (പുറപ്പാട് 3:14). യേശുവിന്റെ ജനനത്തെപ്പറ്റി പറയുമ്പോഴേ മത്തായി ഈ രീതിയിലാണല്ലോ പ്രസ്താവിക്കുന്നത് : 'ദൈവം നമ്മോടുകൂടെ' (1:23) (cfr 18:20:28:20).

### വിശ്വാസപ്രഖ്യാപനം (14:28–33; 16:13–20)

യേശുവിന്റെ സ്വയം വെളിപ്പെടുത്തലിന് പ്രത്യുത്തരമായി പത്രോസ് ആവശ്യപ്പെടുന്നത് വെള്ളത്തിനുമീതെ നടക്കാനുള്ള അനുവാദമാണ്. പക്ഷേ, ആഞ്ഞടിച്ച കാറ്റിന്റെ മുമ്പിൽ അവൻ ചഞ്ചലനായിപ്പോയി. അപകടത്തിൽപ്പെട്ട പത്രോസ് പ്രാർഥിക്കുന്നു: ''കർത്താവേ, രക്ഷിക്കണേ'' ''കർത്താവേ, രക്ഷിക്കണേ'' എന്ന അഭിസംബോധന തന്നെ ഉത്ഥിതനായ യേശുവിനെയാണ് സൂചിപ്പിക്കുക. പത്രോസിന്റെ പ്രാർഥന ക്രൈസ്തവ സമൂഹത്തിന്റെ പ്രാർഥനയാണ്. അപകടത്തിൽ നിന്നു രക്ഷനേടുക എന്നതിനെക്കാൾ ഉപരി, ''രക്ഷ''കൊണ്ട് അർഥമാക്കപ്പെടുന്നത്, യേശുവിൽ സാധിതമാകുന്ന ദൈവരാജ്യത്തിന്റെ അനുഭവവും തത്ഫലമായുള്ള സമാധാനവും സന്തോഷവുമാണ്. യേശുവിനെ നാഥനായി ഏറ്റുപറയുകയാണ് ക്രൈസ്തവസമൂഹം.

യേശു തന്റെ സാന്നിധ്യം സ്പർശനത്തിലൂടെ അവന് ലഭ്യമാക്കുന്നു. ''അല്പവിശ്വാസി'' എന്നാണ് യേശു പത്രോസിനെ വിളിക്കുന്നത്. മത്തായി ഈ പ്രയോഗം 2 പ്രാവശ്യം കൂടി ഉപയോഗിക്കുന്നുണ്ട്: 6:30; 16:8. ഈ മൂന്നു പശ്ചാത്തലങ്ങളും തമ്മിൽ ബന്ധമുണ്ട്. മൂന്നു പ്രാവശ്യവും ശിഷ്യന്മാർക്കാണ് ഈ വിശേഷണം യേശു ഉപയോഗിക്കുന്നത്. ഇവിടെയൊക്കെ ഒന്നു വ്യക്തമാണ്. ഇവർക്ക് വിശ്വാസമുണ്ട്. പക്ഷേ, പ്രത്യേക വിഷമസന്ധിയിൽ ആ വിശ്വാസം പ്രവൃത്തിപഥത്തിൽ കൊണ്ടുവന്ന് ജീവിക്കാൻ അവർക്ക് സാധിക്കുന്നില്ല. യേശുകൂടെ വഞ്ചിയിൽ കയറിയപ്പോൾ എങ്ങും ശാന്തതയുണ്ടായി. ഭയമകന്നു. കാറ്റു ശമിച്ചു. തിരമാലകൾ നിശ്ചലമായി. ഈ പശ്ചാത്തലത്തിൽ ആണ് വിശ്വാസപ്രഖ്യാപനം നടക്കുന്നത്. ''സത്യമായും നീ ദൈവപുത്രനാണ്'' ദൈവവുമായുള്ള യേശുവിന്റെ സവിശേഷമായ ബന്ധമാണ് ഈ പ്രഖ്യാപനം സൂചിപ്പിക്കുന്നത്. ഇത് 16:16ൽ നടക്കാനുള്ള വിശ്വാസപ്രഖ്യാപനത്തിന്റെ മുന്നോടിയാണ്. 16:16ലെ വിശ്വാസ പ്രഖ്യാപനം ഇതിന്റെ പൂർണതയിലെത്തലാണ്.

പത്രോസ് പറയുന്നത് ''അങ്ങ് സജീവനായ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്'' എന്നാണ്. യേശുവും ദൈവവും തമ്മിലുള്ള ഗാഢവും ആവർത്തിക്കാനാവാത്തതുമായ ബന്ധത്തെ സൂചിപ്പിക്കുന്ന ഈ പ്രഖ്യാപനം സമൂഹത്തിന്റെ തന്നെ വിശ്വാസപ്രഖ്യാപനമാണ്. 16:17ൽ പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിന്റെ സ്രോതസ്സാണ് യേശു വെളിപ്പെടുത്തുന്നത്. ദൈവമാണ് ''ഇക്കാര്യങ്ങൾ ശിശുക്കൾക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നത്'' (11:25). യേശുവിന്റെ അനന്യത മനസ്സിലാക്കി ഏറ്റുപറയാൻ പ്രചോദനം വരുന്നതു വെളിപാടിന്റെ കർത്താവായ ദൈവത്തിൽ നിന്നുമാത്രമാണ്.

പത്രോസിനുള്ള വാഗ്ദാനം ഉൾക്കൊള്ളുന്നത് മൂന്നുകാര്യങ്ങളാണ് 1) പത്രോസ് പാറയാണ് (16:18) 2) പത്രോസ് സ്വർഗത്തിന്റെ താക്കോൽ വാഹകനാണ് (16:19) 3) ബന്ധിക്കാനും അഴിക്കാനുമുള്ള അധികാരം പത്രോസിനുണ്ട് (16:19). 'പത്രോസ്', 'കല്ല്', 'പാറ', 'പ്രദേശം' എന്നിങ്ങനെയാണ് ഈ അർഥവ്യത്യാസങ്ങളും ബന്ധങ്ങളും വരുന്നത്. ഇവിടെയും, പിന്നീട് 18:17 ലുമാണ് 'എക്ളേസിയ

= സഭ/സമൂഹം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. തത്ഫലമായി, യേശുവിൽ വിശ്വസിക്കുന്നവരുടെ പുതിയ സമൂഹത്തിന്റെ അടിസ്ഥാനവും കേന്ദ്രബിന്ദുവുമായി പത്രോസ് അവരോധിക്കപ്പെടുന്നു. ഈ സമൂഹമാണ് പുതിയ ദൈവജനം.

പത്രോസ് ഈ സമൂഹത്തിന്റെ പ്രതിനിധിമാത്രമല്ല ഈ സമൂഹത്തിൽ പൂർണ അധികാരം വഹിക്കുന്ന വ്യക്തികൂടിയാണ്. ഇത് ദൈവത്തിന്റെ സമൂഹമാണ്. അതിനാൽ ഈ സമൂഹത്തിൽ ബന്ധിക്കാനും അഴിക്കാനുമുള്ള പത്രോസിന്റെ അധികാരത്തിന് ദൈവസന്നിധിയിലും ബഹിർസ്ഫുരണങ്ങൾ ഉണ്ട്. പത്രോസിന് നല്കപ്പെടുന്ന ഈ വാഗ്ദാനത്തിന്റെ ഉറപ്പ് ക്രൈസ്തവ സമൂഹത്തിന് എതിർപ്പിന്റെ പശ്ചാത്തലത്തിൽ ലഭിക്കുന്ന പുതിയ ഉണർവും ഊർജവും അതുപോലെതന്നെ നിലനില്പിനും വിശ്വാസപ്രഖ്യാപനത്തിനുമുള്ള ആഹ്വാനവുമാണ്.

## യേശുവിന്റെ ശുശ്രൂഷ : സംക്ഷിപ്താവതരണം (14:34–36; 15:29–31)

യേശുവിന്റെ പ്രവർത്തനത്തിന്റെ വിവിധ സംക്ഷിപ്ത വിവരണങ്ങൾ മത്തായി നല്കുന്നുണ്ട്. (4:23; 9:35; 11:1; 12:15–16). ഇപ്പോൾ വ്യാഖ്യാനിക്കുന്ന രണ്ടു സുവിശേഷഭാഗങ്ങളും യേശുവിന്റെ രോഗശാന്തി ശുശ്രൂഷയുടെ സംക്ഷിപ്ത വിവരണങ്ങളാണ്. യേശുവിന് രോഗികളോടുള്ള മനോഭാവം വ്യക്തമാകുന്നതോടൊപ്പം അവിടുത്തെ പ്രവർത്തനത്തിന്റെ രക്ഷാകരമായ അർഥം വെളിപ്പെടുകയുമാണ്, ഈ ചെറിയ വിവരണങ്ങളിൽ. രക്ഷാകരസമയത്ത് യാഥാർഥ്യമായിത്തീരുന്ന മനുഷ്യന്റെ ''പൂർണത''യും ''സമാധാനവു''മാണ് ഇതിലൂടെ വ്യക്തമാകുന്നത്. യേശുവിൽ ഇസ്രായേലിന്റെ ദൈവം പ്രവർത്തിക്കുന്നു (ഏശ 29:23; സങ്കീ 41:14; 106:48). ദൈവത്തിന്റെ ശക്തി യേശുവിൽ ദൃശ്യമായിരിക്കുന്നു. ഇത് അംഗീകരിക്കുന്നവരാണ് യേശുവിൽ വിശ്വസിക്കുന്നവർ.

## കാനാൻകാരിയുടെ വിശ്വാസം (15:21–28)

കാനാൻകാരി സ്ത്രീയുടെ അപേക്ഷയും യേശുവിന്റെ പ്രതികരണവും വളരെ വൈരുധ്യമുള്ള രീതിയിലാണ് അവതരിപ്പിക്കപ്പെടുന്നത്. കാനാൻകാരിയുടെ വിശ്വാസം പടിപടിയായി വളർന്ന് ഏറ്റവും ഉയർന്ന പടിയിലെത്തുന്നു. സ്ത്രീയുടെ വിശ്വാസമാണ് നിർണായകമായ ഘടകം. അതാണ് അവൾക്ക് ആദ്യം ഇല്ലാതിരുന്ന അർഹത നേടിക്കൊടുക്കുന്നത്. ഇത് ബാഹ്യമായ എല്ലാ ആചാരാനുഷ്ഠാനങ്ങൾക്കും അതീതമാണ്. വിജാതീയനും ഇസ്രായേല്യനും തമ്മിലുള്ള അന്തരം വിശ്വാസത്തിന്റെ തലത്തിലാണ്.

## വിവാദങ്ങൾ (15:1–20; 16:1–12)

നാലുകാര്യങ്ങളാണ് ഈ വിവരണങ്ങളിൽ ചർച്ചാവിഷയമാകുന്നത്. 1) പാരമ്പര്യം 2) ശുദ്ധീകരണം 3) അടയാളങ്ങൾ 4) ശിഷ്യർക്ക് മുന്നറിയിപ്പ്. ഒന്നും നാലും വിവരണങ്ങളിൽ ജനങ്ങൾക്കും ശിഷ്യന്മാർക്കും നല്കപ്പെടുന്ന പ്രായോഗിക നിർദേശങ്ങൾ മുന്നറിയിപ്പിന്റെ രൂപത്തിൽ അവതരിപ്പിക്കപ്പെടുന്നു. മറ്റു രണ്ടുഭാഗങ്ങളിൽ ഫ്രീശരുടെ ആചാരങ്ങളോടും മനോഭാവത്തോടും ഉള്ള യേശുവിന്റെ പ്രതികരണമാണ് വിവരിക്കുന്നത്.

നിയമത്തോട് ഫ്രീശന്മാർക്കുണ്ടായിരുന്ന മനോഭാവം പ്രത്യേകതരത്തിലുള്ളതായിരുന്നു. യഥാർഥ നിയമം പാലിക്കുന്നതിനു സഹായിക്കാനെന്ന മട്ടിൽ അതിനുചുറ്റും ധാരാളം ചെറിയ നിയമങ്ങൾ ഉണ്ടാക്കി തങ്ങളുടെ പാരമ്പര്യമായി കാത്തുസൂക്ഷിച്ചിരുന്ന ഫ്രീശന്മാർ ഈ ചെറിയ നിയമങ്ങളും പാരമ്പര്യവും അനുസരിക്കാത്തവർ ദൈവഹിതം അനുഷ്ഠിക്കുന്നില്ല എന്നാണ് പറഞ്ഞിരുന്നത്. ഈ പാരമ്പര്യമാകട്ടെ ഒരു സാധാരണ മനുഷ്യന് പാലിക്കാൻ സാധിക്കുമായിരുന്നില്ലതാനും.

മാതാപിതാക്കളെ ബഹുമാനിക്കണം എന്ന പ്രമാണം അനുസരിക്കാതിരിക്കാൻ പാരമ്പര്യമനുസരിക്കുകയാണ് യഹൂദർ ചെയ്തത്. ഉള്ളതെല്ലാം പാരമ്പര്യമനുസരിച്ച് ദൈവത്തിന് വഴിപാടായികൊടുത്തു എന്ന് പറഞ്ഞ് മാതാപിതാക്കളോടുള്ള ഉത്തരവാദിത്വം മാറ്റിവയ്ക്കുകയാണ് അവർ ചെയ്തത്. ഹൃദയത്തിൽ എഴുതപ്പെട്ട (ജറെ 31:31f) ആന്തരികനിയമത്തിനാണ് യേശു പ്രാധാന്യം കൊടുത്തത്.

വിശ്വസിക്കണമെങ്കിൽ ''അടയാളം'' കാണിച്ചുതരണമെന്നാവശ്യപ്പെട്ട് ഫ്രീശന്മാരും സദ്ദുക്കായരും യേശുവിനെ ''പരീക്ഷിക്കുന്നു'' (16:1–4). യേശുവിന്റെ സാന്നിധ്യം തന്നെയാണ് ''കാലത്തിന്റെ അടയാളം''. അത് അവർ തിരിച്ചറിയുന്നില്ല. അതിൽ വിശ്വസിക്കാൻ വേണ്ടി മറ്റൊരു അടയാളം അന്വേഷിക്കുന്നവർ യഥാർഥത്തിൽ അവിശ്വാസികളാണ്.

കേസറിയാഫിലിപ്പിയിൽ നടക്കുന്ന വിശ്വാസപ്രഖ്യാപനത്തോടെ സുവിശേഷവിവരണം ഒരു നിർണായക ഘട്ടത്തിൽ എത്തുന്നു. ഇപ്പോൾ മുതൽ യേശു തന്റെ പീഡാനുഭവത്തെക്കുറിച്ച് ശിഷ്യരോട് വ്യക്തമായി സംസാരിക്കുന്നു. അതോടെ യേശുവിൽ വിശ്വസിക്കുന്ന സമൂഹത്തിന്റെ സ്ഥിരീകര

ണത്തെ സംബന്ധിച്ചും നിർണായകമായ ഘട്ടമാണ്. ഈ അധ്യായങ്ങളിൽ ക്രൈസ്തവസമൂഹത്തിന് ഘടനയിലും രൂപഭാവങ്ങളിലും ഉണ്ടായിരിക്കേണ്ട ഗുണങ്ങളാണ് പ്രമേയം.

### പീഡാനുഭവം – മരണം – ഉത്ഥാനം : മൂന്നു പ്രവചനങ്ങൾ (16:21; 17:22–23; 20:17–19)

പീഡാസഹനത്തെക്കുറിച്ച് പ്രവചിക്കുമ്പോൾ ഒഴിച്ചുകൂടാനാവാത്തതും അവശ്യവുമായ കടമായിട്ടാണ് യേശു അതിനെ അവതരിപ്പിക്കുന്നത്. ഗ്രീക്കിൽ ''dei'' എന്ന വാക്കാണ് ഇതിന് ഉപയോഗിച്ചിരുന്നത്. പിതാവിന്റെ രക്ഷാകരപദ്ധതിയുടെ ഭാഗമാണ് സഹനം. പീഡാസഹന പ്രവചനങ്ങൾ എല്ലാം വിശ്വാസ പ്രഖ്യാപന വാക്യങ്ങളാണ് എന്നുപറയുക ശരിയാണ്. മൂന്നു സമവീക്ഷണ സുവിശേഷകരും ഈ പാരമ്പര്യം അവതരിപ്പിക്കുന്നു. യേശുവിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനഘടകമാണിത്. യേശു സഹിച്ചു, മരിച്ചു, ഉത്ഥാനം ചെയ്തു എന്ന പെസഹാരഹസ്യമാണല്ലോ നമ്മുടെ വിശ്വാസത്തിന്റെ കാതൽ.

ആദ്യത്തെ രണ്ടു പ്രവചനങ്ങളും ശിഷ്യന്മാരുടെ പ്രതികരണം അവതരിപ്പിച്ചിട്ടുണ്ട് (16:22;17:23). പത്രോസ് തടസ്സം പറയുന്നു. ശിഷ്യർ ദുഃഖിതരാകുന്നു. അവരെ തിരുത്തിക്കൊണ്ട് യേശു മാനുഷികമായ ചിന്ത മാറ്റി ദൈവിക ചിന്തയിലേയ്ക്കു വരണമെന്നാവശ്യപ്പെടുന്നു. മാനുഷികമായി ചിന്തിക്കുമ്പോൾ സഹനം നിഷേധാത്മകമാണ്. അതുവഴി ഒരു വ്യക്തി സ്വയം സാത്താന്റെ ഉപകരണമാകുന്നു. നേരേമറിച്ച് സഹനത്തെ ആശ്ലേഷിക്കുന്നവർ ദൈവത്തിന്റെ ഉപകരണങ്ങളായി മാറുന്നു.

ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ 17:9-13-ലെ സഹനത്തെക്കുറിച്ചുള്ള സംഭാഷണവും പ്രസക്തമാണ്. രൂപാന്തരീകരണം കഴിഞ്ഞ് താഴേക്കു വരുന്ന യേശുവും ശിഷ്യന്മാരും ഏലിയായുടെ വരവിനെക്കുറിച്ചാണ് സംസാരിക്കുന്നത്. ഏലിയാ വന്നു എന്നും അവനെ മനസ്സിലാക്കാതെ ഇഷ്ടമുള്ളതു ചെയ്തു എന്നും അവിടെ പറയുന്നു. സ്നാപകയോഹന്നാന്റെ മരണമാണ് ഉദ്ദേശിക്കപ്പെടുന്നത്. ഈ സാഹചര്യത്തിൽ മനുഷ്യപുത്രന്റെ സഹനവും സൂചിപ്പിക്കുന്നു. കാരണം, സ്നാപകയോഹന്നാന്റെ മരണം യേശുവിന്റെ മരണത്തിന്റെ മുന്നോടിയാണ്.

### തന്നത്തന്നെ പരിത്യജിക്കുക (16:24–28)

പീഡാസഹനത്തെക്കുറിച്ചുള്ള പ്രവചനം വിശ്വാസ പ്രഖ്യാപനമാണെങ്കിൽ അതേതുടർന്നുള്ള പ്രബോധനം വിശ്വാസപ്രഖ്യാപനം നടത്തുന്നവരുടെ ജീവിതശൈലിയുടെ അടിസ്ഥാനമാണ് വെളിപ്പെടുത്തുന്നത്. വൈരുധ്യമുള്ളതായി തോന്നിക്കാവുന്ന ഒരു പ്രബോധനമാണ് യേശു ഇവിടെ അവതരിപ്പിക്കുന്നത്. സ്വയം ത്യജിച്ച് ശിഷ്യനാവുക, ജീവൻ കൊടുത്ത് ജീവൻ നേടുക, എന്നത് ശിഷ്യത്വത്തിന്റെ അടിസ്ഥാനമാണ്. ഇല്ലാതാകുമ്പോഴാണ് നിത്യജീവൻ നമ്മിൽ യാഥാർഥ്യമായിത്തീരുക. നിത്യജീവൻ ലഭിക്കാൻ വേണ്ടി സ്വയം ഇല്ലാതായിട്ടുള്ളവർക്കാണ് പിതാവു പ്രതിഫലം നല്കുന്നത് (16:27).

### രൂപാന്തരീകരണം (17:1–8)

സമാന്തര സുവിശേഷകർ എല്ലാവരും നല്കുന്ന ഒരു പാരമ്പര്യമാണ് യേശുവിന്റെ രൂപാന്തരീകരണം. ഉയർന്നമലയിലാണ് രൂപാന്തരീകരണം നടക്കുന്നത്. മത്തായി സുവിശേഷകന് താത്പര്യമുള്ള ഒരു പ്രതീകമാണ് ''മല'' (5:1; 8:1; 24:3; 28:16 etc.). ''മല'' വെളിപാടിന്റെ സ്ഥലമാണ്. അതിനാൽ യേശു തന്റെ മഹത്വത്തിൽ തന്നെത്തന്നെ വെളിപ്പെടുത്തുന്ന സംഭവമായ രൂപാന്തരീകരണവും ഈ പശ്ചാത്തലത്തിൽ നടക്കണം. രൂപാന്തരപ്പെടൽ വിവരിക്കുന്നത് പ്രകാശത്തിന്റെ പ്രതീകംകൊണ്ടാണ്. മഹത്വത്തിന്റെ പൂർണതയും ദൈവത്തിന്റെ തന്നെ സാന്നിധ്യവുമാണ് ഇത് സൂചിപ്പിക്കുക. കൂടെയുള്ളത് മോശയും ഏലിയായുമാണ്. നിയമത്തിന്റെയും പ്രവാചകന്മാരുടെയും പ്രതിനിധികളാണ് ഇവർ. ദൈവഹിതത്തിന്റെ പ്രത്യക്ഷരൂപമാണല്ലോ നിയമവും പ്രവാചകന്മാരും. മേഘത്തിൽ നിന്നുള്ള സ്വരം ഇതാണ് വ്യക്തമാക്കുന്നത്. പിതാവു സ്ഥിരീകരിക്കുകയാണ്, യേശു സഹനത്തെക്കുറിച്ച് പറഞ്ഞകാര്യങ്ങൾ. യേശുവിന്റെ ആത്മസമർപ്പണത്തെ (സഹനം ആശ്ലേഷിക്കൽ) സ്വീകരിക്കുന്ന പിതാവ് പ്രത്യുത്തരിക്കുന്നു. ''ഇവൻ എന്റെ പ്രിയ പുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' (17:5) (ഏശ 42:1; സങ്കീ. 2:7).

### നിബന്ധനകളില്ലാത്ത വിശ്വാസം (17:14–21)

യേശുവിന്റെ അടുക്കൽ ഓടിയെത്തി സഹായമപേക്ഷിക്കുന്ന കുട്ടിയുടെ പിതാവ്. ശിഷ്യന്മാർക്ക് സഹായിക്കാൻ കഴിഞ്ഞില്ല എന്ന് പറയുമ്പോഴുള്ള യേശുവിന്റെ പ്രതികരണം, അവസാനം എന്തുകൊണ്ടാണ് തങ്ങൾക്കും ഇതുചെയ്യാൻ സാധിക്കാതിരുന്നത് എന്നു ചോദിക്കുന്ന ശിഷ്യന്മാർക്ക് യേശു നല്കുന്ന മറുപടി എന്നിവയാണ് ഈ ഭാഗത്തിന്റെ സന്ദേശം മനസ്സിലാക്കാൻ നിർണായകമായിട്ടുള്ള

ത്. യേശു ശിഷ്യരെ വിശേഷിപ്പിക്കുന്നത്, പ്രവാചകന്മാർ അവിശ്വസ്തയായ ഇസ്രായേൽജനത്തെ വിശേഷിപ്പിക്കുന്ന പ്രയോഗംകൊണ്ടാണ്: ''വിശ്വാസമില്ലാത്തതും വഴിപിഴച്ചതുമായ തലമുറയേ''. ഇതുതന്നെയാണ് പുറപ്പാടിന്റെ പശ്ചാത്തലത്തിൽ പിറുപിറുക്കുന്ന ഇസ്രായേൽ ജനത്തെക്കുറിച്ച് മോശ പറയുന്നതും (നിയ 32:5-20 കാണുക). സമൂഹത്തിന്റെ, ക്രൈസ്തവരുടെ, വിശ്വാസത്ത ളർച്ചയാണ് സുവിശേഷകന്റെ മനസ്സിൽ. അതിനാൽ, നിബന്ധനകളില്ലാത്ത വിശ്വാസത്തിലേക്കുള്ള സമൂലമായ തിരിച്ചുവരവിന്റെ ആവശ്യകതയും.

### നികുതിയെക്കുറിച്ച് (17:24-27)

20 വയസ്സോ അതിൽ കൂടുതലോ ഉള്ള ഓരോ യഹൂദ പുരുഷനും ദേവാലയത്തിലെ ബലി യർപ്പണം നടത്തുന്നതിനുള്ള സഹായമായി അര ഷെക്കൽ നികുതി നല്കേണ്ടിയിരുന്നു. എ.ഡി. 70ൽ ദേവാലയം നശിപ്പിക്കപ്പെട്ടപ്പോൾ റോമാക്കാർ ഈ നികുതി അവരുടെ റോമൻ ദേവാലയനിർമാണത്തി നുള്ള നികുതിയാക്കി മാറ്റി. യാമ്നിയായിൽ യഹൂദ നേതൃത്വം വളർന്നു വന്നശേഷം ആ കൗൺസി ലിന്റെ നിലനില്പ്പിനുവേണ്ടി നികുതി കൊടുക്കുന്ന സമ്പ്രദായം വന്നു. ഇതാണ് ഈ സുവിശേഷഭാഗ ത്തിന്റെ ചരിത്രപശ്ചാത്തലം. മീൻ പിടിച്ച് നാണയം കണ്ടെടുക്കുന്ന രംഗം ദൈവപരിപാലനയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. നമുക്ക് ആവശ്യമുള്ളത് നല്കാൻ ദൈവത്തിനു വിഷമമില്ല. അവനിൽ ആശ്രയിക്കണമെന്നുമാത്രം. അതോടൊപ്പം പത്രോസിന് ശിഷ്യരുടെ ഇടയിലും സമൂഹത്തിലുമുള്ള പ്രാധാന്യവും സൂചിപ്പിക്കപ്പെടുന്നു.

## സമൂഹത്തിന്റെ പ്രഭാഷണം (18:1-35)

രണ്ടു വ്യത്യസ്ത സാഹചര്യങ്ങളിലാണ് രണ്ടു പ്രബോധനങ്ങൾ യേശു നല്കുന്നത്. സ്വർഗരാ ജ്യത്തിൽ വലിയവൻ ആരാണ് എന്ന ചോദ്യത്തിന് മറുപടിയായിട്ടാണ് യേശു ശിശുവിനെക്കുറിച്ച് ആദ്യം പറയുന്നത്. ശിശുക്കളെയുംകൊണ്ട് യേശുവിന്റെ ആശീർവാദം തേടി വരുന്ന ജനങ്ങളെ ശിഷ്യ ന്മാർ തടഞ്ഞു. അപ്പോൾ യേശു പ്രതികരിക്കുന്നത് ശിശുക്കളെക്കുറിച്ച് പറഞ്ഞുകൊണ്ടാണ്. ഇതാണ് ശിശുക്കളെപ്പറ്റിയുള്ള യേശുവിന്റെ രണ്ടാമത്തെ പരാമർശം.

രണ്ടു കാര്യങ്ങളാണ് യേശു പറയുന്നത്. 1) ശിശുക്കളെപ്പോലെയാകുക 2) ശിശുക്കൾ ആകുക. ആദ്യത്തേത് ശിശുക്കളുടെ മനോഭാവങ്ങൾ ഉള്ളവനാകണം എന്നാണ് അർഥമാക്കുന്നത്. നിഷ്കളങ്കത, തുറവി, ആശ്രയബോധം, വിട്ടുകൊടുക്കുന്ന സ്വഭാവം, മുൻവിധികളില്ലാത്ത പെരുമാറ്റം, ദ്രോഹങ്ങൾ മറക്കാനുള്ള കഴിവ്, ഇവയെല്ലാം ശിശുക്കളുടെ സവിശേഷതകളാണ്. രണ്ടാമത്തേത്, 18:5 നെ ആസ്പ ദമാക്കിയുള്ളതാണ്. ''ഇതുപോലുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു.'' യേശു ശിശുവിനോട് താദാത്മ്യപ്പെടുന്നു. ഇവിടെ, ''ശിശു'' ഒരു പ്രതീകമായി മാറു ന്നു. സ്വയം ശിശുക്കളായിത്തീരുമ്പോൾ, നമ്മെത്തന്നെ ശൂന്യവല്ക്കരിക്കുമ്പോൾ, നമ്മുടെ അഹന്തയെ അകറ്റി യേശുവിനെ വളർത്തുമ്പോൾ യേശു നമ്മിലൂടെ പ്രത്യക്ഷപ്പെടുന്നു. നമ്മെ സ്വീകരിക്കുന്നത് യേശുവിനെ സ്വീകരിക്കുന്നതിന് തുല്യമാണ്. കാരണം, യേശുവാണ് നാം അല്ല, നമ്മിൽ ജീവിക്കുന്നത്.

### ദുഷ്പ്രേരണകൾ (18:6-9)

''ചെറിയവർ'' എന്ന പ്രയോഗം ശിഷ്യരെ സൂചിപ്പിക്കാൻ മത്തായി ഉപയോഗിക്കുന്നതാണ് (10:42; 11:11). വിശ്വസിക്കുന്നവരാണ് ശിഷ്യർ. അവർ നേർവഴിയിലൂടെ നടന്നുപോകുമ്പോൾ അവർക്ക് മാർഗത ടസ്സം സൃഷ്ടിച്ച് അവരെ നിലത്തുവീഴ്ത്തി ലക്ഷ്യത്തിലെത്തിക്കാതിരിക്കുക എന്നാണ് ''ഇടർച്ച കൊടു ക്കുക'' എന്നതിന്റെ അർത്ഥം. യേശു ഈ പാപത്തെ മാരകമായി കരുതുന്നു. കാരണം, ഒരു വ്യക്തിയെ നിത്യശിക്ഷയ്ക്ക് അർഹനാക്കുന്ന വിശ്വാസമില്ലായ്മയിലേയ്ക്കാണ് ഈ പ്രവൃത്തി നയിക്കുന്നത്. 'വിശ്വാസമില്ലായ്മ' ആണ് ഇവിടെ പാപം. അത് രക്ഷയും ശിക്ഷയും, ജീവനും മരണവും, സ്വർഗവും നരകവും തമ്മിലുള്ള തിരഞ്ഞെടുപ്പാണ്. അതിനാൽ സമൂലമായ മനോഭാവമാണ് യേശു ആവശ്യപ്പെടു ക. അക്ഷരാർഥത്തിലല്ല ഇത് നമ്മൾ മനസ്സിലാക്കേണ്ടത്.

### വഴിതെറ്റിയ ആട് (18:10-14)

ദൈവത്തിന്റെ സംരക്ഷണം സമൂഹത്തിന്റെമേൽ പൊതുവായിട്ടു മാത്രമുള്ളതല്ല. അവിടന്ന് ഓരോ വ്യക്തിക്കും പ്രത്യേകം പ്രത്യേകം സംരക്ഷണം നല്കുന്നു. ഇത് വെളിപ്പെടുത്താനാണ് കാണാതെ പോയ ആടിന്റെ ഉപമ പറയുന്നത്. 99 ആടുകൾ ഉണ്ട് എന്നതല്ല പ്രധാനം. ഒരാട് ഇല്ല എന്ന താണ്. ഓരോ ആടും ദൈവത്തിന്റെ മുമ്പിൽ വിലപ്പെട്ടതാണ്, അതുല്യമാണ്. സമൂഹത്തിനും സമൂ

ഹത്തിന്റെ ഉത്തരവാദിത്വം വഹിക്കുന്നവർക്കും ഓരോ വിശ്വാസിയെയും ഇതുപോലെ കാണാൻ കട പ്പാടുണ്ട്.

## സഹോദരൻ തെറ്റു ചെയ്താൽ... (18:15–20)

ഒരു സഹോദരനെ തെറ്റിൽ നിന്നു തിരിച്ചുവിളിക്കാൻ 3 വ്യത്യസ്ത പടികൾ സുവിശേഷകൻ വിവരിക്കുന്നു. വ്യക്തിപരമായ സമീപനമാണ് ആദ്യത്തേത്. അത് അസാധ്യമായാൽ മാത്രം രണ്ടോ, മൂന്നോ പേരെ സാക്ഷികളാക്കി നിറുത്തിക്കൊണ്ട് സംസാരിക്കണം. യഹൂദക്രമമനുസരിച്ച് രണ്ടോ, മൂന്നോ സാക്ഷികൾ വേണം, നടക്കുന്നതും പറയുന്നതും സത്യമെന്ന് സ്ഥാപിക്കാൻ (നിയ 19:15). സ്നേഹവും ബഹുമാനവും ആണ് ഈ പ്രക്രിയയുടെ പിന്നിൽ. ഇതും നടക്കുന്നില്ലെങ്കിൽ സഭയിൽ വച്ച് അവനുമായി സംസാരിക്കുക. സഭയെപ്പോലും അനുസരിക്കുന്നില്ലെങ്കിൽ അവനെ വിജാതീയനെ പ്പോലെയോ ചുങ്കക്കാരനെപ്പോലെയോ കരുതുക. ഈ അവസാന മനോഭാവം കഠിനമാണെന്നും യേശുവിന്റെ കാരുണ്യത്തിന് യോജിച്ചതല്ല എന്നും പറയാവുന്നതാണ്. പക്ഷേ, അതിന്റെ ഉദ്ദേശ്യം ആ വ്യക്തിയെ തിരസ്കരിക്കണമെന്നോ യാതൊരു പ്രതീക്ഷയ്ക്കും വകനല്കാത്തവനെന്ന് മുദ്രകുത്തണ മെന്നോ അല്ല. സഭയെ ശ്രവിക്കാത്ത വ്യക്തി സഭയ്ക്ക് പുറത്താണെന്ന് സ്വയം വെളിപ്പെടുത്തുന്നു.

അനുരഞ്ജനത്തിന്റെ പശ്ചാത്തലത്തിൽത്തന്നെയാണ് പ്രാർത്ഥനയെക്കുറിച്ചുള്ള (18:19–20) വാക്യങ്ങളും നാം കാണേണ്ടത്. സമൂഹത്തിൽ അനുരഞ്ജനമാവശ്യമുള്ള വ്യക്തിക്കുവേണ്ടി നടത്ത പ്പെടുന്ന പൊതുവായ പ്രാർഥന (യാചന) യാണ് ഇവിടെ ഉദ്ദേശിക്കപ്പെടുക. യേശുവിന്റെ സാന്നിധ്യം ആ സമൂഹത്തിന് ദൈവത്തിന്റെ സജീവസാന്നിധ്യമായി അനുഭവപ്പെടുന്നു. ''ദൈവം നമ്മോടുകൂടെ'' യാണ് എന്നത് യേശു അനുഭവവേദ്യമാക്കുന്നു (1:23; 28:20).

## നിർദയനായ ഭൃത്യൻ (18:21–35)

പത്രോസിന്റെ ചോദ്യമാണ് ഉപമ പറയാൻ യേശുവിനെ പ്രേരിപ്പിക്കുന്നത്. ''പൂർണ''മായ ഒരു സംഖ്യയായി കരുതപ്പെടുന്ന ഏഴ് ഉപയോഗിച്ച് ''ഏഴല്ല, ഏഴെഴുപതുപ്രാവശ്യം'' എന്ന് യേശു പറയു ന്നു. ക്ഷമയ്ക്ക് അതിർത്തികൾ നിശ്ചയിക്കരുത് എന്നാണ് അതിന്റെ അർഥം.

ഉപമയിൽ യജമാനനും കടക്കാരും തമ്മിലുള്ള ബന്ധമാണ് പ്രധാനം. അനേകം താലന്തുകൾ കടമുള്ള ഒരു മനുഷ്യൻ. 100 ദനാറ കടമുള്ള മറ്റൊരു മനുഷ്യൻ. വലിയ കടമുള്ളവന് കാരുണ്യം ലഭി ക്കുന്നു. ചെറിയ കടമുള്ളവന് ശിക്ഷയും. രാജാവ് വലിയ കടമുള്ളവനോട് ക്ഷമിക്കുന്നു. ക്ഷമ ലഭിച്ച വൻ ചെറിയ കടമുള്ളവനെ ശിക്ഷിക്കുന്നു. ഇവിടെയാണ് വൈരുധ്യം. അവൻ കാരുണ്യത്തിന് അർഹ തയില്ലാത്തവനാകുന്നു. രാജാവ് ഇടപെട്ട് അവനെ ശിക്ഷിക്കുന്നു. ക്ഷമിക്കാൻ സാധിക്കണമെങ്കിൽ ലഭിച്ച ക്ഷമ അനുഭവിക്കണം. അത് ദാനമായി കിട്ടിയതാണെന്ന് അനുഭവിച്ചാൽ പിന്നെ കാരുണ്യം കാണിക്കാതിരിക്കാൻവയ്യ. രാജാവ് സ്വർഗസ്ഥനായ പിതാവ് ആണ്. നാം ആണ് കടക്കാർ.

Fr Johnson Puthussery CST
POC